പുസ്തകം II.
ലക്കം 5.

വില 2ണ.

1112 മിഥുനം 1-ാംതു.
1937 ജൂൺ 15-ാംതു.

സഞ്ജയൻ



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം .

വിഷയം		വശം.
1.	ഷഷ്ഠിയുടെ നേരെ (പദ്യം)—സാത്യകി.	129
2.	വൃത്താന്തരഹസ്യം.	130
3.	ഇൻസ്പെക്ടരുടെ വീഴ്ച—സഹദേവൻ.	131
4.	കേഴമാൻകണ്ണാടിക്കുവേണ്ടി (പദ്യം)	132
5.	എളയതിന്റെ അരങ്ങേറ്റം.	133
6.	മിഥ്യാടോപം (പദ്യം)	134
7.	'റെഡ്ഡീ, റെഡ്ഡി! (ചിത്രം)—അച്യുത്.	135
8.	ചിത്രപാഠം.	136
9.	തീവണ്ടിമുറിയിൽവെച്ചു കേട്ടത്.	137
10.	അവസ്ഥപൂരമെ—(പദ്യം.)—മാധവജി.	138
11.	കരടിയും കടന്നലും (ചിത്രം)—എം. ബി.	138
12.	"സീനോർ" കമ്മീഷണർ.	139
13.	സഞ്ജയഭാഷണം.	141
14.	തീക്കു് തോക്കു്, അഥവാ, ശാസ്ത്രത്തിനു് ശാസ്ത്രം (ചിത്രവും പദ്യവും) എം. ബി.— മഹാകവി ഉള്ളൂർ	144
15.	കാരണം.	146
16.	അജ്ഞാനവിഹ്വലി.	147
17.	"നാമങ്ങളേപോകുകിൽ—"	148
18.	റിപ്പോർട്ടും സംഭവവും (ചിത്രം)—എൻ. എം.	149
19.	രാമൻനായരുടെ "ആത്മഹത്യ"—ഗോവി.	150
20.	സങ്കല്പലോകത്തിൽ—നകുലൻ.	153
21.	ചാവൽസാഹിത്യം.	154
22.	ആമത്തിക്കാ പാട്ടന്ന (പാട്ട്.)	156
23.	എന്തെല്ലാം വികാരങ്ങൾ! (ചിത്രം.)—എം. ബി.	157
24.	ബോഡ് വിഭജിക്കുമത്രെ! (പദ്യം.)—പി. എസ്സ്.	158
25.	ഞങ്ങളുടെ വായനമുറി.	
	ശിഥിലചിന്തകൾ.	159
	ധർമ്മസങ്കടം.	159
26.	മേശവിരി.	160

ഷഷ്ടിയുടെ നേരെ.

(ആനനട)

ആവലാതി:—

ഇതെന്തുവാത്ത ഞാൻ ശ്രവിപ്പു സർവത്ര?
ചതഞ്ഞുപോകുന്നെൻ മനക്കാമ്പീശ്വരാ!

കവനത്താൽ പന്തു കളിച്ചിടും ബാലൻ;
കവിമാതിൻ മുല കുടിച്ചിടും കുട്ടി:
അവനും ഷഷ്ടിയായിരിക്കയാണത്രേ!—
പവനനുണ്ടാമോ പ്രഴക്കമൂഴിയിൽ?
അവികൃതികളം കടന്നിരിക്കേണ്ടു—
മവപതിലേക്കോ കടന്നതെന്നുള്ളൂർ!
പതിനാറിലെന്നും പടിഞ്ഞിരിക്കുവാൻ
മതിയാവായ്കയോ, മതിവരായ്കയോ?
പിശകു വല്ലതും പിണഞ്ഞുപോയിതോ?
പിശുക്കുകാണിയ്ക്കുവാനന്തകാലമേ!

കരുത്തൊരു യഷ്ടി കരത്തിലാഷ്ടി—
ക്കിരിക്കയായ് ഷഷ്ടി: യിതെന്തൊരു സൃഷ്ടി?
ശതം നടക്കവേ, സഹസ്രം നിൽക്കവേ,
ചിതമല്ലാ "ഷഷ്ടി"യിരിപ്പതിങ്ങിനെ!

സമാധാനം:—

വരുന്നുവെങ്കിലോ, വരട്ടെയാഷഷ്ടി;
വിരുന്നു വേണ്ടുകിലിരുന്നു തിന്നട്ടേ!
മലയെക്കാളം പോന്ന മലകളില്ലയോ?
വലിയവരെക്കാളം വലിയോരില്ലയോ?
അവപതിനുമേലവനൊരില്ലയോ?
പിറുപിറുക്കുവാനിതിങ്കലെന്തുള്ളു?

സാത്യകി.

ന്നു് അഞ്ചുപത്തെഴുത്തുകാരം എഴുതി. നിനക്കല്ലേ, സഖേ, പ്രാന്തു്! ആ കാലമെല്ലാം പോയി. മുദ്രവാങ്ങാൻ തുലച്ച 10 അണ ഒരു നേരത്തെ മിക്സ്ചർ വാങ്ങാനെങ്കിലും ഉപകരിക്കുമായിരുന്നു. ഞാനല്ലേ "ശുദ്ധരിൽ ശുദ്ധൻ"!

അങ്ങിനെ വിഷണ്ണനായിരിക്കുമ്പോഴാണു് അഞ്ചെട്ടു സ്ത്രീകാരം നടത്തിവരുന്ന നമ്മുടെ കിക്ലിപ്രം എച്ച്. ഇ. സ്കൂളിലെ മാനേജർ ഇണ്ടിറാപ്പൻ വീട്ടിൽ കയറിവന്നതു്. ഭാര്യയുടെ രോഗസ്ഥിതി അന്വേഷിക്കാൻ മാത്രമാണെന്നാണു് പറഞ്ഞതു്. മനസ്സിന്റെ ഭാരം തീക്കാൻ എന്റെ പണത്തിന്റെ ബുദ്ധിമുട്ടും മറവും ഏകദേശം നാടകത്തിലെ 'ആത്മഗത'ത്തിന്റെ മട്ടിൽ ഞാൻ അദ്ദേഹത്തോടുപറഞ്ഞു. കൊടുങ്ങല്ലൂർ ഭഗവതിയാണെ, സഖേ, ഞാൻ യാതൊന്നും ഉദ്ദേശിച്ചിട്ടില്ലേ! ഉടനെയതാ മാനേജർ പത്തിന്റെ അഞ്ചു കടലാസ് മേശപ്പുറത്തു വെക്കുന്നു! ഞാൻ ഒന്നന്ധാളിച്ചു. എന്റെ മനസ്സിൽ സ്പെയിനിലെപ്പോലെ വലിയൊരു ആഭ്യന്തരകലാപം നടന്നു. ഒടുക്കം ഭാര്യയോടുള്ള സ്നേഹം ജയഭേരി അടിക്കുകയാൽ 'അടുത്തമാസം ശമ്പളം കിട്ടിയ ഉടനെ മടക്കിത്തരാം' എന്നും പറഞ്ഞു വിറക്കുന്ന കൈകൊണ്ടു് ആ കടലാസ്സുകാരം മെല്ലെ എടുത്തു ഞാൻ കീശയിലാക്കി. മാനേജരാകട്ടെ ഒന്നു പുഞ്ചിരിയിട്ടു തൊഴുതു തിരിച്ചുപോയി.

ശമ്പളം വാങ്ങി. മാനേജരുടെ പണം എവിടെ കൊടുക്കാൻ? അരിക്കച്ചവടക്കാരൻ ചെട്ട്യാരുടെ കടം ബാക്കി നിൽക്കയാൽ വരുന്ന മാസം ചെലവിന്നരിയില്ല. മാനേജരോടു രണ്ടുമൂന്നു തവണ അവധി പറഞ്ഞു. അദ്ദേഹത്തിന്നു പണം മടക്കിക്കിട്ടണമെന്ന മോഹമേയില്ല! "ഇവിടുന്നു ബുദ്ധിമുട്ടേണ്ടതില്ല. ചിലപ്പോഴൊക്കെ അങ്ങിനെ അന്യോന്യം വേണ്ടിവരും' എന്നുപറഞ്ഞു് അദ്ദേഹം ഒഴിഞ്ഞു.....അയ്യോ, സഖേ, പൊളിഞ്ഞേ പൊളിഞ്ഞു! എന്റെ ആദർശക്കോട്ട ഒരടിക്കു് തകർന്നു നിലംപതിച്ചു! അക്കൊല്ലം കിക്ലിപ്രം എച്ച്. ഇ. സ്കൂളിന്നു 50 ശതമാനം ഗ്രാണ്ടിൽ വർദ്ധനവു ശിപാർശചെയ്യേണ്ടിവന്നു എന്നുമാത്രം ധരിച്ചാൽ മതി.

"നാലഞ്ചാളാത്തായി; എനിയെന്തിനമ്മാവാതിലടക്കണ'" എന്നു് പറഞ്ഞപോലെ പിന്നെന്നു് നോക്കാനാണു്, സഖേ! കുട്ടികാരംക്കു് പ്രായമായതോടുകൂടി വീട്ടിൽ ചെലവു വർദ്ധിച്ചു. എനിക്കും ശരീരത്തിന്നു നല്ല ആരോഗ്യമില്ലാതായി. കുട്ടികാരംക്കുവേണ്ടി ഒരു ഇൻഷ്വറൻസെങ്കിലും മുടക്കാരംക്കു് അടക്കണ്ടെ? പച്ചക്കറിക്കും പാലിന്നും മോരിന്നും വിറകിന്നും മറ്റും കൊടുക്കാൻ പണമെവിടെ? 'പാരിതോഷികങ്ങ'ളൊന്നും ഞാൻ പിന്നെ മടക്കിയില്ല. കൈ നനയാതെ മീൻ പിടിക്കാൻ കഴിയുമോ? മുക്കിലും മൂലയിലും നിന്നു ചിലർ എന്നെപ്പറ്റി പറഞ്ഞ അപവാദങ്ങാരംക്കു് ഞാൻ ചെവികൊടുത്തില്ല.

എന്റെ അധഃപതനത്തിന്റെ കഥ മുഴുവനായോ? ആയില്ല; കേട്ടോളൂ.....ആദ്യകാലത്തു് തുകപ്പടി സംഖ്യയേ വാങ്ങൂ; അതുതന്നെ, ന്യായം ചെയ്യാൻ കഴിയുന്ന ഘട്ടങ്ങളിൽ മാത്രം; ഏതുനിലയിലും, തന്നാൽ വാങ്ങുകയല്ലാതെ അങ്ങോട്ടു ചോദിക്കുകയില്ല;—എന്നൊക്കെ നിയമമുണ്ടായിരുന്നു. ക്രമേണ ഇവയിലോരോന്നായി പോയി. അമ്പതിൽനിന്നു് ഇരുപത്തഞ്ചിലേക്കും, അവിടെനിന്നു് പത്തിലേക്കും, പിന്നീടു് അഞ്ചിലേക്കും, അതിലും താഴെ പച്ചക്കറിയിലേക്കും ഞാൻ വീണു. ന്യായമുള്ള ടിക്കിൽനിന്നു് പണത്തിന്റെ വരവു ചുരുക്കമാണെന്നും, അന്യായത്തിന്റെ കുട്ടിയിലാണു് സംഖ്യയുടെ വർദ്ധനവു കിടക്കുന്നതെന്നും കണ്ടതോടുകൂടി രണ്ടാമത്തെ ആദർശവും പറപറന്നു. പതിവു മുത്തു ശീലമായി; ശീലം മുത്തു ബാധയായി: എന്തെങ്കിലും കിട്ടാതെ വല്ലതും ചെയ്യാൻ കഴിയുകയില്ലെന്ന ഘട്ടമെത്തി. ചോദിച്ചു വാങ്ങുകയില്ലെന്ന വ്രതത്തിന്നുപകരം, തന്നില്ലെങ്കിൽ ദ്രോഹിക്കുമെന്നു് ഭീഷണിപ്പെടുത്തുകയെന്ന സ്വഭാവം വേരുറച്ചു. വീട്ടിക്കെട്ടിൽതൊട്ടു് തീപ്പെട്ടിവരെയും, ആറരപ്പികതൊട്ടു് കാലണവരെയും ഞാൻ ചോദിച്ചു വാങ്ങീട്ടുണ്ടു്. പലനാളം കുട്ടുകുട്ടു്, ഒരുനാളം കെണിഞ്ഞു; ചില്ലറ സംഖ്യക്കു് ഉദ്യോഗവും പെൻഷനും കളഞ്ഞുകുളിച്ചു; ഈച്ചയെത്തിന്നു് കൂലം കെട്ടു! നിരത്തിൽ കൂടിപ്പോകുമ്പോരം ആളുകരം ചൂണ്ടിച്ചിരിക്കാനുള്ള വഴിയായി! എന്തിനധികം പറയുന്നു, സഖേ, സുബ്രാമൻ പട്ടർ പറഞ്ഞുപോലെ, "നശിച്ചുപോയപ്പാ! തുലഞ്ഞുപോയപ്പാ! പൊളിഞ്ഞു്, പൊളിഞ്ഞു്, പൊളിഞ്ഞു് പാതാളത്തിലെത്തിപ്പോയപ്പാ!"—അത്ര പറഞ്ഞാൽ മതിയല്ലോ!—കഷ്ടം, മുതിർന്ന കുട്ടികളുടെ മുഖത്തു നോക്കാൻ എനിക്കു ലജ്ജയാകുന്നു, സഖേ! ഞാൻ കരയണ്ടേ?"

സഹദേവൻ.

കേഴമാൻകണ്ണാൾക്കു വേണ്ടി.

'മശലനമറിയ'ത്തിൽ നായികയായ മറിയത്തിന്റെ പേര് ഒരേടത്തും കാണപ്പെട്ടന്നില്ലെന്നുള്ള ചിലരുടെ ആക്ഷേപത്തെ പരിഹരിക്കുവാനായി, ആ കൃതിയുടെ പുതിയ പതിപ്പിൽ,

"കേഴക, കേഴക, കേഴമാൻകണ്ണാളേ!
കേഴവോക്കാശ്വാസമേകും ദൈവം"

എന്നുള്ള മനോഹരവരികളെ,

"കേഴക, കേഴക, കന്യാമറിയമേ!
കേഴവോക്കാശ്വാസമേകും ദൈവം"

എന്ന് മഹാകവി വള്ളത്തോൾ മാറ്റിയിരിക്കുന്നതായി ഒരാൾ ഈയിടെ ഇതെഴുതുന്ന ആളോട് പറഞ്ഞു. ഇതു വാസ്തവമാണോ എന്നറിയുന്നില്ല. ആണെങ്കിൽ താഴെ, ചേർക്കുന്ന വരികളെ അതിനെക്കുറിച്ചുള്ള പ്രതിഷേധമായും, അല്ലെങ്കിൽ, മേലിൽ അത്തരമൊരു സാഹസം ചെയ്യരുതേ എന്നുള്ള അപേക്ഷയായും കരുതേണ്ടതാണ്.

കേഴക, കേഴക, കൈരളി! നമ്മുടെ
കേഴമാൻകണ്ണാളെള്ളസലെന്യേ
കന്യാമറിയമായ് മാറ്റിപോൽ വള്ളത്തോ—
ളന്യായമെന്തിതിൻ മീതെയുള്ളൂ!
നായിക തൻപേരാക്കാവൃത്തിലില്ലപോൽ!
വായനക്കാർക്കതു ദുസ്സഹംപോൽ!
പോരയോ തോന്ന്യാസം? നായികതന്നുടെ
പേരാണക്കാവൃത്തിൻ പേരുതന്നെ!
ചേരുന്ന വട്ടപ്പുറത്തതു; പോരെങ്കി
ലോരോരോ പെയ്ജിലുമാദ്യമായി!
"നീരലർക്കണ്ണിണ തുകുന്ന ബാഷ്പ'ത്താ—
ലാരെയും കോരിമയിർ കൊള്ളിച്ചോറും
കേഴുന്ന കേഴമാൻ കണ്ണാളെയേതൊരു
പാഴൂർ നാവോതി മാറ്റി നിർത്താൻ?
വേറൊരു കേഴമാൻ കണ്ണാളെയാവാപ്പിൽ—
നൂറാണ്ടിനിയങ്ങു ജീവിച്ചാലും—
സൃഷ്ടിപ്പാനാവില്ലെന്നമ്മാമനെന്നത,—
ങ്ങിഷ്ടക്കേടായാലും, ചൊന്നേ തീരൂ.
അല്ലെങ്കിൽ—പേരില്ലാതൊക്കുകയില്ലെങ്കിൽ—
തെല്ലൊന്നു ബുദ്ധിമുട്ടീട്ടെന്നാലും,
"പാറപ്പുറത്തൊരു ചന്തമേറും പനി—
നീരലരുണ്ടോ"യ ടിക്കിലെങ്ങാൻ,
നാലുവരികളെൻ കേരളവാല്മീകി—
ക്കാലസ്യമായ്പ്പോയോ കൂട്ടിച്ചേർപ്പാൻ?
പീറാസ്സാണെങ്കിലും, ഗാഥാവരികളി-
'പ്പാറപ്പുറം' കൂടിത്തീർന്നില്ലേ?

എളയതിന്റെ അരങ്ങേറ്റം.

ഇതാര്? ഇതാര്ട്ടിര്? എന്ത്, നിങ്ങളറിയില്ലേ? "ആവു! മുമ്പരങ്ങത്തു വന്നതല്ലീ വൻവേഷം" എന്നു പറഞ്ഞുകൂടെ. ഈ വേഷം മുമ്പ് വന്നിട്ടുണ്ട്. അന്ന് ജാതിരക്ഷസ്സിന്റെ, വാളടക്കം നഖശിഖാന്തം വിറയ്ക്കുന്ന, കോമരമായിട്ടായിരുന്നു വെളിച്ചപ്പെട്ടത്.

"ജാതി—ഹാ! സ്വർഗത്തിങ്കൽനിന്നു
പൊങ്ങിയ ശബ്ദം
പാർ താങ്ങും തമ്പുരാന്റെയേട്ടിലെ
രണ്ടക്ഷരം!"

എന്ന് അന്ന് അരുളപ്പാടുണ്ടായിരുന്നു. അന്ന് ആരൊക്കെയോകൂടി നാലുപുറവും നിന്ന് ശകാരിച്ച്, ശകാരിച്ച് നമ്മുടെ കോമരത്തെ പായിച്ചു. പിന്നെക്കുറെക്കാലത്തേക്ക് വെളിച്ചപ്പാടുണ്ടായില്ല. നിരന്തരമായ നെല്ലിക്കവെള്ളത്തിന്റെ ധാരകൊണ്ട് തെല്ലൊരു തണുപ്പു കിട്ടിയതിനാൽ അടങ്ങിയൊതുങ്ങിയിരിക്കുകയായിരിക്കണമെന്ന് സഹൃദയലോകം ആശ്വാസംകൊണ്ടിരിക്കണം.

ഇല്ലത്തെ! അല്ലത്തെ! "മതി; ധിക്കാരികൾ എന്തെങ്കിലും കാട്ടട്ടെ! ഏതു കഴുവിന്മേലെങ്കിലും ചെന്നു കേറട്ടെ! ആരെന്തു പറഞ്ഞാലും എന്റെ പുറത്തെക്കോലായിൽ ഒരൊറ്റ അവണ്ണനെ ചവിട്ടാൻ ഞാൻ സമ്മതിക്കയില്ല. എലിയും പൂച്ചയും കേറുന്ന എന്റെ പൂജാഗൃഹത്തിന്റെ അടുത്തെങ്ങും ഞാൻ അവണ്ണനെ അടുപ്പിക്കില്ല. നായരെത്തൊട്ടാലും, ഈഴവനെത്തീണ്ടിയാലും, നായാടിയെക്കണ്ടാലും ഞാൻ കുളിച്ചിട്ടേ ഉമിനീരിറക്കുള്ളൂ!" എന്നൊക്കെ പിറുപിറുത്തുകൊണ്ട് താൻ ഒരു മൂലയിലിരിക്കുകയായിരുന്നവരെത്ത!

നല്ല വാസനയും പരിപ്പുമുള്ള ഒരു ഭാഷാകവിയെങ്കിലും, മുരമുരത്ത ഒരു യാഥാസ്ഥിതികനായ ശ്രീ:(ബ്രഹ്മശ്രീ എന്നുവേണോ? "ഋനി ചൈവ ശ്രപാകേ ച" സമദർശിയായ ആ മഹാബ്രാഹ്മണനെയല്ലാതെ ആരെയാണ് "ബ്രഹ്മശ്രീ"

എന്നു വിളിക്കുക? കിടക്കട്ടെ, ബ്രഹ്മശ്രീ) പെട്ട രഴിയം പെറിയ രാമനെളയതവർകളെപ്പററിയാണ് ഞാൻ പറയുന്നത്. ലോകത്തിലേക്ക് വെച്ച് ഉത്കൃഷ്ടമായ ഹൈന്ദവധർമ്മത്തെ, ലോകത്തിന്റെ കണ്ണിൽ, മസ്തിഷ്കവ്യാപാരത്തിന്റെ സ്പർശംപോലുമില്ലാത്തതും, ഭയങ്കരസ്വാർത്ഥതയിൽനിന്നു ജനിച്ചതും, നായകൂടി തൊടാത്തവിധത്തിൽ ചീഞ്ഞളിഞ്ഞുകിടക്കുന്നതുമായ അന്ധവിശ്വാസമാക്കിത്തീർത്തവരുടെ പാരമ്പര്യത്തിടമ്പ് തലയിലാക്കി നൃത്തം ചവിട്ടുന്ന അഖണ്ഡസച്ചിദാനന്ദബ്രഹ്മശ്രീ രാമനെളയത്! പോരെ?

അങ്ങിനെ തന്റെ വിശ്വാസങ്ങളെ മുറുകെ പൊത്തിപ്പിടിച്ച് ഇരുട്ടുമൂലയിൽ പുതച്ചു മൂടിക്കഴിഞ്ഞുകൂടിയ ആ ബ്രഹ്മശ്രീമാൻ ഈയിടെ "ഉള്ള കവിത"യുംകൊണ്ട് പുറത്തു ചാടുണ്ടിവന്നിരിക്കുന്നു! പോരെ വൈഷമ്യം!

ആരാണ്, എന്താണ്, പെട്ടരഴിയത്തിലെ ഈ കവിതപ്പെരിച്ചാഴിയെ—"ധർമ്മസംകടം"തെ—പുറത്തു ചാടിക്കുകയെന്ന അനർത്ഥം തെണ്ടിവിച്ചത്? ക്ഷേത്രപ്രവേശവിളംബരം! തിരുവിതാംകൂർ സർക്കാർ വക ക്ഷേത്രങ്ങളിൽ, പൊന്നുതമ്പുരാന്റെ ഹിന്ദുപ്രജകൾക്കെല്ലാം, വർഗഭേദമെന്നിയെ, പ്രവേശസ്വാതന്ത്ര്യം അനുവദിച്ച ആ വിളംബരം! മേപ്പടി വിളംബരപ്പുകയാണ് ആ യാഥാസ്ഥിതികമടയിൽ പ്രവേശിച്ച് നമ്മുടെ ബ്രഹ്മശ്രീയുടെ കണ്ണിലും മൂക്കിലും ചെവിയിലും വായിലും അവയിലൂടെ തലച്ചോറിലും? പാഞ്ഞുകയറി അദ്ദേഹത്തെ ഇങ്ങിനെ വെളിക്കു തുള്ളിച്ചത്. ഈയൊരനിഷ്ടഫലം തീർച്ചയായും വിളംബരകർത്താക്കൾ പ്രതീക്ഷിച്ചതായിരിക്കുകയില്ല

അഥവാ, "യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി",തദാ തദാ, കർമ്മഭൂമിയിൽ താൻ അവതരിക്കുമെന്ന് ഗീതയിലുള്ള വാഗ്ദാനപ്രകാരം ഉടലെടുത്ത് അവതരിച്ച സാക്ഷാൽ പരബ്രഹ്മം തന്നെയായിരിക്കുമോ നമ്മുടെ ബ്രഹ്മശ്രീ? ആവോ! ശങ്കരാചാര്യർ പറഞ്ഞതുപോലെ, "ഭഗവാന്റെ മായാവിലാധങ്ങൾ" ആക്കിയാവൂ, കുഞ്ഞേ! ഒരു സമയം ആയിരിക്കും!"അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതം" എന്നില്ലേ? ഏതു നിലയിലും,

"ആഴ്വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻ
പുലയനിലുണ്ടോദിയനിലുണ്ടൊകുമിയിലുമുണ്ടതിൻ
പരിഃസ്ഫുരണം"

എന്ന് മഹാകവി ഉള്ളൂർ പാടീട്ടുണ്ട്. "അത്" നമ്മുടെ ബ്രഹ്മശ്രീമാനിൽ മാത്രം ഇല്ലെന്ന് എങ്ങിനെ വിശ്വസിക്കാം? പക്ഷെ "അതു"തന്നെയാണോ "ധർമ്മസങ്കടം"മെഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന എനിക്കു ശങ്കയുള്ളു.


ആവൂ! ബ്രഹ്മശ്രീ എളയതേ! അങ്ങയുടെ 'ധർമ്മസങ്കടം' സാരമില്ല. ലോകത്തിൽ ആരെയും ശകാരിക്കാതെ (കഴിയുമെങ്കിൽ) എന്നെ മുറചെയ്യുവാനും; ത്രിഗുണാതീതനും, സർവക്ഷേത്രങ്ങളിലും ക്ഷേത്രജ്ഞനും, സർവഭൂതങ്ങളിലും സമനും, നിർമലനുമായ എന്റെ ധ്യാനമൂർത്തി അങ്ങയിൽക്കൂടി പ്രകാശിക്കുന്നുണ്ടെന്ന് മനസ്സിലാക്കി, അവനെ സ്നേഹിക്കുവാനും ശ്രമിക്കുന്നവനായ എനിക്ക് ഇതുയും നിർഭയമായ വാക്കുകൊണ്ട് അങ്ങയെക്കുറിച്ച് പറയേണ്ടിവന്നതിലുള്ള ധർമ്മസങ്കടം ഞാനെങ്ങിനെ വിവരിക്കും? ഞാൻ അങ്ങയെപ്പോലെ ഒരു കവിയായിരുന്നെങ്കിൽ അതിനെപ്പററി ഒരു കവിത എഴുതിക്കളയാമായിരുന്നു. പക്ഷെ, അല്ലല്ലോ, ബ്രഹ്മശ്രീ എളയതേ, അല്ലല്ലോ!

മിഥ്യാടോപം.

(എട്ടുവരിക്കവിതക്കാരോട്, മാപ്പ്.)

കടലിളക്കം—മിഥുനമാസത്തിലെ-
ക്കടലിളക്കം—ഭയാവഹം കേട്ടുപ്പൂഞാൻ:
അലറിയാഞ്ഞടുത്തായിരം കൈകളാ-
ലവനിതല്ലിത്തകർക്കുന്നു വാരിധി!

ചലമതേ! പോരുമിമ്മഹാസാഹസം!
നിലമറന്നു തിമർക്കായ്ക നീ വൃഥാ:
അടിയുറച്ച ധരിത്രിതൻ ഫാലകപ്പൊടിവിയപ്പു നീ, ശാസ്ത്രജ്ഞദൃഷ്ടിയിൽ!!


ACHUTH

ചിത്രപാഠം.

കുട്ടികളുടെ ആവശ്യത്തെ മുൻനിറ്റ്, നമ്മുടെ ടെക്സ്റ്റ്ബുക്ക് നിർമ്മാണ വിദഗ്ധന്മാരുടെ കാലുപിടിച്ച്, പ്രത്യേകം എഴുതിച്ചത്.

അടുത്തവശത്തുള്ള ചിത്രത്തിൽ കുറെ ആളുകൾ നിൽക്കുന്നത് നിങ്ങൾ കണ്ടുവോ? അവർ എന്തു ചെയ്യുകയാകുന്നു? രാജ്യം ഭരിക്കുകയോ? അല്ലാ! അല്ലേ അല്ലാ! അവർ തങ്ങൾക്കു കിട്ടിയ അല്പകാലത്തെ ഭരണാധികാരത്തെ ഉപയോഗപ്പെടുത്തി നാട്ടിന്നും നാട്ടുകാർക്കും തങ്ങളാലാവുന്ന ചില ഉപദ്രവങ്ങൾ ചെയ്യുവാൻ ശ്രമിക്കുകയാകുന്നു. അവർ താൽകാലിക മന്ത്രിമാരാകുന്നു. വർത്തമാനക്കടലാസ്സുകാരിൽ ചിലർ ഇവരെ ഇടക്കാലമന്ത്രിമാർ എന്നും വിളിച്ചുവരുന്നു. ആംഗ്ലേയർ ഇവർക്ക് 'രാജഭക്തിയോടുകൂടിയ പ്രജകൾ' എന്നർത്ഥമുള്ള 'ലോയൽ സബ്ജെക്ടറ്റ്സ്' എന്നു പേർ നൽകിയിരിക്കുന്നു.

ചിത്രത്തിൽ കാണുന്ന കെട്ടിടം ഡിസ്ട്രിക്ട്ബോർഡ് ഭരണകൂടമാകുന്നു. അതിന്മേൽ പറക്കുന്ന കൊടി കോൺഗ്രസ്സുകൊടിയാകുന്നു. കോൺഗ്രസ് കക്ഷിക്ക് ബോർഡ് ഭരണാധികാരം സിദ്ധിച്ചിട്ടുണ്ടെന്നാണ് ഇതിന്റെ അർത്ഥം. ഇടക്കാലമന്ത്രിമാർ ഈ കൊടിയെ വെടിവെച്ചു വീഴ്ത്തുവാൻ ശ്രമിക്കുകയാണ്. അതിന്നായി അവർ ഇന്ത്യാവൈസ്രോയിയായിരുന്ന കഴ്സൻപ്രഭുവിന്റെ കാലത്തോളം പഴക്കമുള്ള ഒരു പീരങ്കി വലിച്ചുകൊണ്ടു വന്നിരിക്കുന്നു. 'വിഭജനം' എന്നാണ് ഈ പീരങ്കിക്ക് നൽകപ്പെട്ടിരിക്കുന്ന പേര്. അതിന്നകത്ത് 'നോമിനേഷൻ' എന്ന പേരായ ഉണ്ടയും, 'തൽകാലാധികാരം' എന്ന വെടിമരുന്നും നിറച്ചിട്ടുണ്ട്. ഉണ്ട കുറിക്കു കൊള്ളുമോ എന്ന് മലബാറിനെ നേരിട്ടു പരിചയമുള്ള ഒരു മന്ത്രി പരിശോധിക്കുന്നതു നിങ്ങൾ നോക്കിയോ? ഇദ്ദേഹത്തിന്റെ പേര് മിസ്റ്റർ ആർ. എം. പാലാട്ട് എന്നാകുന്നു. മിസ്റ്റർ പാലാട്ട് നമ്മുടെ ജില്ല സന്ദർശിക്കുമ്പോൾ ഇവിടെയുള്ള പ്രമാണികൾ അദ്ദേഹത്തെക്കുറിച്ചുള്ള സ്നേഹബഹുമാനങ്ങൾ കാണിപ്പാനായി സൽകാരങ്ങൾ നടത്തുകയും, ആ അവസരങ്ങളിൽ അദ്ദേഹം താൻ മഹാത്മാ ഗാന്ധിയെക്കാൾ ഇന്ത്യയെ സ്നേഹിക്കുന്നുണ്ടെന്ന് തെളിയിക്കുവാനായി ചെറു പ്രസംഗങ്ങൾ നടത്തുകയുമുണ്ട്. ഇവയുടെ റിപ്പോർട്ടുകൾ വർത്തമാനക്കടലാസ്സുകാർ പ്രസിദ്ധപ്പെടുത്തുന്നു.

മറെറാരു വിദ്വാൻ ചൂട്ട പിടിച്ചു നിൽക്കുന്നതു നിങ്ങൾ കണ്ടുവോ? ഈ മഹാമനുഷ്യൻ സർ കെ. വി. റെഡ്ഡിനായ്ഡുഗാരു എന്ന പേരായ പ്രധാനമന്ത്രിയാണ്. കുറി നേരെയാണെന്ന് മിസ്റ്റർ പാലാട്ട് പറഞ്ഞാൽ ഇദ്ദേഹം പീരങ്കിക്കു തീകൊളുത്തും. തൽകാലാധികാരത്തിന്റെ ശക്തികൊണ്ട് നോമിനേഷൻ ഉണ്ട പുറത്തുചാടി കോൺഗ്രസ്സധികാരത്തെ പാളീസ്സാക്കും. ('പാളീസ്' എന്ന വാക്ക് നിങ്ങൾ ഉപന്യാസത്തിലൊന്നും എഴുതരുത്. മാസ്റ്റർ അടിക്കും.)

ചിലപ്പോൾ പഴക്കം നിമിത്തം വിഭജനപ്പീരങ്കി അതിന്റെ പിന്നിലുള്ള ആളുകൾക്കുതന്നെ അപായകരമായിത്തീരാറുണ്ട്. മറെറചിലപ്പോൾ കുറി തെറ്റിയും അപകടം പറ്റിയേക്കാം. അതുകൊണ്ട് "കൂട്ടികൾ മൂപ്പുള്ള കത്തികൊണ്ടും, ഇടക്കാലമന്ത്രിമാർ വിഭജനംകൊണ്ടും ഏറെ കളിക്കുന്നതു നന്നല്ല" എന്നൊരു പഴഞ്ചൊല്ല് നടപ്പായിത്തീർന്നിട്ടുണ്ട്; ഇല്ലെങ്കിൽ, അത് ഇന്നുമുതൽ നടപ്പായിത്തീരും.

തീവണ്ടിമുറിയിൽവെച്ച് കേട്ടത്.

[ഞങ്ങളുടെ സ്വന്തം ടെ. റി.]

"അല്ല, മേന്നേ, കോൺഗ്രസ്സുകാരല്ലേ ഇപ്പോ ൾ ഡിസ്ട്രിക്ട് ബോർഡ് ഭരണം നടത്തുന്നത്?'

"തൽക്കാലം അതെ; വിഭജനം വരുന്നതുവ രെ ഏതായാലും അവരായിരിക്കും."

"ഈ കോൺഗ്രസ്സുകാർ പൊതുജീവിതത്തിൽ വലിയ ആദർശവും മണ്ണാങ്കട്ടയുമൊക്കെ നോക്കു ന്നവരല്ലേ?"

"ആദർശത്തിന്റെ കാര്യം സമ്മതിച്ചു. മണ്ണാങ്ക ട്ടയെപ്പറ്റി വിവരം പോര."

"പോട്ടെ, ആദർശമെന്നുമതി. എന്നുവെച്ചാ ൽ, പൊതുജീവിതത്തിലെങ്കിലും വഞ്ചനയും കാ പട്യവുമൊന്നും കാണിക്കാതെ സത്യത്തിന്റെ യും അഹിംസയുടെയും മറവും പുറംതൊലിയെ ങ്കിലും സൂക്ഷിക്കേണ്ടവർ: അല്ലേ?"

"അതെ."

"അല്ലെങ്കിൽ അവർ 'കോൺഗ്രസ്സുകാർ' എ ന്ന പേരിന്ന് അർഹന്മാരല്ല?"

"അല്ല."

"തീച്ച്?"

"നിങ്ങളെന്താണ്, ഹേ, കുട്ടിൽനിന്ന സാ ക്ഷിയോടെന്നപോലെ എന്റെ നേരെ ചോ ദ്യം വർഷിക്കുന്നത്? ഞാനറിയില്ല. എനിക്കുത്ത രം പറയാൻ മനസ്സില്ല."

"ക്ഷോഭിക്കണ്ട്യാ! നിങ്ങടെ കോൺഗ്രസ്സി നോട് അനുഭാവം—അതന്നെയല്ലേ വാക്ക്?— ഉള്ള ആളായതുകൊണ്ട് ചോദിച്ചതാണ്. അ റിയാനാഗ്രഹിക്കുന്നവർ,

"തദ്വിദ്ധി പ്രണിപാതേന
പരിപ്രശ്നേന സേവയാ"

എന്നല്ലേ പ്രമാണം? പ്രണിപാതത്തിന്ന് തീവ ണ്ടിമുറിയിൽ സ്ഥലസൌകര്യമോ, സേവക്ക് യാത്രയുടെ ഇടയിൽ സമയസൌകര്യമോ ഇ ല്ലാത്തതുകൊണ്ട് പരിപ്രശ്നമെന്ന രണ്ടാംവഴി വെച്ചുപൊടിപാറിയതാണ്. മുഷിയണ്ട."

"മുഷിഞ്ഞതുകൊണ്ടല്ല. എന്നെപ്പോലെ നി ങ്ങളും അറിയുന്ന കാര്യത്തെപ്പറ്റി ചോദ്യമെ ന്തിനാണെന്ന കരുതി പറഞ്ഞതാണ്. അതു പോട്ടെ. നിങ്ങടെ ചോദിച്ചതിന്റെ കാര്യം പ റയ്."

"അതു പറയാം. പണ്ടൊക്കെ ഡി. ബോ. മെമ്പന്മാർ രണ്ടാംക്ലാസു ബത്തവാങ്ങി മൂന്നാം ക്ലാസിൽ സഞ്ചരിക്കുന്നതു് ഞങ്ങടെ എതൃയോ കണ്ടിട്ടുണ്ട്. രണ്ടാംക്ലാസ് ബത്തവാങ്ങി രണ്ടാം ക്ലാസിൽ സഞ്ചരിക്കുന്നതും കണ്ടിട്ടുണ്ട്. ആദ്യ ത്തേതു് വഞ്ചനയും, രണ്ടാമത്തേതു് ദരിദ്രനാരാ യണന്മാരുടെ നാട്ടിൽ പൊതുജനസേവകന്മാ ർ ചെയ്യരുതാത്ത അനാവശ്യച്ചെലവുമാണ്. അല്ലേ?"

"അതെ."

"പക്ഷെ അപ്പോഴൊക്കെ ഞാൻ വിചാരി ച്ചതു് കോൺഗ്രസ്സുകാർ ബോർഡിലും അസം ബ്ലിയിലും ചെന്നാൽ ഈ പതിവു് നിൽക്കുമെ ന്നായിരുന്നു. ഇന്ത്യ മുഴുവൻ മൂന്നാംക്ലാസിൽ കയറി ചുറ്റിയടിക്കുന്ന ഗാന്ധിയന്മാരെയും, രാ ജഗോപാലാചാരിയുടെയും മറവും പിന്തുടച്ചുക്കാ രല്ലേ? രണ്ടാംക്ലാസു ബത്തവാങ്ങി രണ്ടിൽത്ത ന്നെപോയാൽക്കൂടി, ആ സ്ഥിതിയിൽ, അവരെ സ്തുതിച്ചുകൂടാ. അതുപോയിട്ട്, ആദർശവും മരമുരി ങ്ങയുമൊന്നുമില്ലാത്ത പഴയ കൈപൊക്കിസ്സം ഫക്കാരിൽ ചിലർ ചെയ്തിരുന്നതുപോലെ ഇവ രും മൂന്നിൽ സഞ്ചരിച്ച് രണ്ടിന്റെ കണക്കുപ റഞ്ഞു് പണം വാങ്ങുകയാണെങ്കിലോ? അതി ന്നെന്താണ്, മേന്നേ, പേര്?"

"അതിന്നോ? അതിന്ന്....."

[പെട്ടെന്ന് വണ്ടി ഒരു റെയിൽവേഗേറ്റ് ടുത്തു നിന്നു കണ്ടതിന്റെ ഫലമായി വിട്ട ഒരു കൂക്കി വെവി തുളച്ചു് കയറിയതിനാൽ വാചക ത്തിന്റെ ബാക്കി ഭാഗം കേട്ടില്ല. പിന്നീട് ശ്ര ദ്ധിക്കാൻ സാധിച്ചപ്പോഴേക്കും സഹപ്രയാണികളു ടെ സംഭാഷണവിഷയം മാറിപ്പോയിരുന്നു.]

"പെൺകുപ്പായമിട്ട് പുരയ്ക്കകത്തു കേറിയിരി ക്കുന്ന ആണുങ്ങളാണ് കേരളത്തിലെ സോഷ്യലി സ്റ്റുകാർ."

—ടൈഗർ റാംപ്രസംഗത്തിൽ ജ: മൊയ്തീൻകോയ:

ആൺകുപ്പായമിട്ട് തെരുവിലിറങ്ങി നടക്കു ന്ന പെണ്ണുങ്ങളാണ് അവരെന്നുള്ള മറ്റൊരു നി ർവചനത്തെപ്പറ്റി ജ: കോയയുടെ അഭിപ്രായ മറിയുവാൻ ഞങ്ങളും ആഗ്രഹിക്കുന്നു.

അവയ്ക്കു പുറമെ—

[മഹാകവി ഉള്ളൂരിന്റെ "അതും ഇതും" എന്ന കൃതിയുടെ അനുവാദപൂർവ്വമല്ലാത്ത തുടച്ച്]

(മഞ്ജരി)

ശക്കരയോടു പറയുന്ന മൺകട്ട:—
"നോക്കെടാ! ഞാനല്ലേ ഭാഗ്യശാലി?
കണ്ടതിലൊക്കെക്കലത്തിയുമത്യാത്തി
പൂണ്ടോഹാ! പൊട്ടിച്ചുമാരുമെന്നെ
ശാപ്പിട്ടുന്നില്ലല്ലോ!"—"വാസ്തവ!"മെന്നുകൈ-
കൂപ്പിച്ചിരിക്കുന്ന വെല്ലം മെല്ലെ.

* * *

മയ്യാടക്കാരനോടോതുന്നു തെമ്മാടി:—
"സെയ്യില്ലെനിക്കൊരു ലേശം നിന്നെ
പൊല്ലീസുകാരിടിച്ചിട്ടും ഞാൻപണ്ടു
പുല്ലിനുകൂസില, കേട്ടിട്ടില്ലേ?
ധീരതയെന്നാണതിനുപേർ;"—മയ്യാട-
ക്കാരൻ കരയുന്നു കാരുണ്യത്താൽ.

* * *

ഔദ്ധത്യം പ്രശ്രയത്തോടു കഥിക്കുന്നു:—
"ശുദ്ധമേ വങ്കൻ നീ വാടമില്ല.
ഒക്കെത്തികഞ്ഞിട്ട, 'മില്ലവനൊന്നു'മെ-
ന്നാക്കുമേ നിന്ദിപ്പാൻ തക്കവണ്ണം,
പോകുന്നവല്ലോ നീ ജന്മ!"—മാപ്രശ്രയം
നോക്കീലങ്ങോട്ടു തിരിഞ്ഞുതെല്ലും.

* * *

ചൊല്ലുന്നു ഹിംസയഹിംസയോ, "ടെന്നോളു-
മില്ല നിനക്കു മഹത്വം ഹനും.
ആയതുകൊണ്ടല്ലീ വിസ്തൃതസാമ്രാജ്യ-
നായകന്മാരെല്ലാമെന്നെത്തന്നെ
തൽക്കായ്യം സർവ്വവുമേല്പിപ്പൂ?"—കഷ്ടമാ-
വാക്യകഥം കേട്ടില്ലഹിംസ തീരെ.

മാനത്തോടോതുകയാണപമാനം: "ഞാൻ
നാനാഗ്രണോജ്വലൻ, നീ വഷളൻ:
നിന്നെക്കൈവിട്ടെന്നെക്കൈക്കൊണ്ടാൽ
പ്പൊന്നുക്കു-
മിന്നതുകൊണ്ടല്ലീ മാന്യസ്ഥാനം
കല്പിച്ചു കാണുന്നു?"—താമാനം നില്ക്കുന്ന
നില്പിൽത്താൻ തെല്ലിട നിന്നുപോയി.

* * *

മൻസിപ്പാൽപ്പട്ടണമുനാടോടോതുന്നു: —
"മൽസ്നിഗ്ധ നീ യന്തറിഞ്ഞിട്ടല്ലു?
ഏതൊരു മാനുഷനാണു കൊതുമ്പു-
മൂതിഞ്ഞാൻ ഭസ്മമഞ്ഞിട്ടുപോയാൽ,
ആടിപ്പറയാതിരിപ്പവു?"—നാവാക്യം
നാടിൻപുറത്തിനു നേരായ്ത്തോന്നി!


* * *

തൽക്കാലമന്ത്രിതൻ സിൽബന്ധി ചൊല്ലുന്നു-
ചൊൽക്കൊള്ളും കോൺഗ്രസ്സുകാരൻ കേൾപ്പാൻ
"പണ്ടേത്തേപ്പോലൊന്നും പോരി,നിമേ
ലെന്നെ-
ക്കണ്ടാലുടൻ ബഹുമാനപൂർവ്വം
നീയെഴുന്നേൽക്കണ!"—മാരുമൊരുത്തര-
മായാളോടോതുന്നതായ്ക്കേൾപ്പീല!

* * *

അത്തച്ചിലാജ്ജീവത്സാഹിത്യം വാപൊളി-
ച്ചെത്തിക്കവിയോടു ചൊല്ലീടുന്നു:—
"തിന്നീടുവാനും കുടിപ്പാനും വേണ്ടതു
മിന്നിട്ടുകൊണ്ടിങ്ങു നൽകീടാഞ്ഞാൽ,
നിങ്ങളെത്തന്നെ ഞാ—"നോട്ടുന്നു ഹാ! കവി
വാങ്ങുവാൻ വയ്യോലും നൽപ്പിണ്ണാക്കും!

മാധവജി.



കരടിയും കട്ടന്നലും.

"സീനോർ" കമ്മീഷണർ

നമ്മുടെ— അതായത്, കോഴിക്കോട്ടെ—കമ്മീഷണരുടെ ജാതകം ഒന്നു കാണേണ്ടിയിരുന്നു. സംബന്ധാലോചനയ്ക്കല്ല; ആയുസ്സെത്രയുണ്ടെന്നു നോക്കുവാനല്ല; ഇവിടെനിന്ന് എത്രകാലത്താണ് മാറിപ്പോവുക എന്ന് അന്വേഷിക്കുവാനുമല്ല. വേറൊരു സംഗതി പരിശോധിക്കുവാനാണ്. ഇറാലിയൻ സർവാധിപതിയായ മുസ്സോളിനിയുടെ ഗ്രഹസ്ഥിതി എനിക്കറിയാം. അതും നമ്മുടെ മൂപ്പരുടെ ഗ്രഹനിലയും തമ്മിൽ വല്ല ബന്ധവുമുണ്ടോ എന്നറിയുവാൻ എനിക്ക് ഉത്കണ്ഠയായിരിക്കുന്നു. വല്ലതും ഉണ്ടായിരിക്കണം. പല സംഗതികളിലും ഈ രണ്ടു ഭരണനിപുണന്മാർക്കും അടുപ്പവും തുല്യതയും കാണ്മാനുണ്ട്. ഒന്നുതാംഭാവത്തിന്റെയും തദധിപന്റെയും സ്ഥിതിബലവ്യത്യാസം ഹേതുവായിട്ടു മാത്രമായിരിക്കണം അങ്ങോർ ഒരു സാമ്രാജ്യസർവാധിപതിയും ഇങ്ങോർ ഒരു മുനിസിപ്പാൽ കമ്മീഷണരും ആയിത്തീർന്നത്.

അവർ തമ്മിലുള്ള തുല്യതകളോ! രണ്ടാളുകൾക്കും പൊതുജനാഭിപ്രായം പുല്ലുവിലയാണ്. നിയമത്തിന്റെ മീതെയാണ് തങ്ങളുടെ നിലയെന്ന് രണ്ടുപേർക്കും വിശ്വാസമുള്ളതുപോലെ തോന്നുന്നു. പുതിയ പുതിയ ശിക്ഷാസമ്പ്രദായങ്ങൾ കണ്ടുപിടിക്കുന്നതിൽ രണ്ടുപേരും അസാമാന്യപാടവത്തോടുകൂടിയവരാണ്. ആരെയൊക്കെയാണ് കായ്യം നേടുവാൻ സ്വാധീനത്തിൽ വെക്കേണ്ടതെന്ന് ഇരുവർക്കും ഒരുപോലെയറിയാം. ഇറാലിയിൽ രാജാവും മുനിസിപ്പാലിറിയിൽ ചേർമാനും ഇരിക്കെ, യഥാർത്ഥഭരണം നടത്തുന്നത് അവിടെ ഡിക്ടേററും ഇവിടെ കമ്മീഷണരുമാണ്. ഇങ്ങിനെ ആലോചിച്ചുനോക്കിയാൽ എനിയും പലതും കാണും. ബുദ്ധിയും, പൌരുഷവും, പ്രാപ്തിയും സീനോർ മുസ്സോളിനിക്ക് കുറച്ചധികമായിപ്പോയെന്നും,

സീനോർ കമ്മീഷണക്ക് കുറച്ചു കമ്മിയായിപ്പോയെന്നും ഒരേ ഒരു വ്യത്യാസമേയുള്ളൂ. പറവായില്ലെ!

തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുവാൻ പുതിയ വഴികൾ കണ്ടുപിടിക്കുന്നതിലുള്ള സീനോർ കമ്മീഷണരുടെ അസാധാരണ നൈപുണ്യത്തെപ്പറ്റി ആലോചിച്ചപ്പോളാണ് ഈ സാദൃശ്യചിന്തതന്നെ ആദ്യമായി എന്റെ മനസ്സിൽ കടന്നുവന്നത്. ബിൽകലക്ടർമാരുടെ ശമ്പളം വളരെത്താമസിച്ചു കൊടുക്കുവാൻ കാരണമെന്തെന്ന് മി: കോഴിപ്പുറത്തു മാധവമേനോൻ കഴിഞ്ഞ കൌൺസിൽയോഗത്തിൽവെച്ചു ചോദിച്ചപ്പോൾ എന്തെല്ലാം മലക്കംമറിച്ചിലാണു ചങ്ങാതി മറിഞ്ഞത്! "ആഡിറ്റ് തടസ്ഥങ്ങളെ ശരിയായി വെളിപ്പെടുത്തിക്കൊടുക്കുന്നതിന്നാണ്" പോലും ഒരിക്കൽ ഏകദേശം ഒരു മാസത്തോളം ശമ്പളം താമസിപ്പിച്ചത്! പ്രസ്തുത തടസ്ഥമില്ലാതിരുന്ന ഒരു മാസത്തെപ്പറ്റി ചോദിച്ചപ്പോൾ ഉത്തരം മുട്ടി. ഉത്തരം മുട്ടിയാൽ അട്ടഹാസമെന്നല്ലേ ചൊല്ല്? അട്ടഹസിക്കുവാൻ ധൈര്യം പോരാത്തതുകൊണ്ടോ, എന്തോ, നമ്മുടെ ഇഷ്ടന്റെ വകയായി ഒരു 'ഞഞ്ഞമ്മിഞ്ഞ പറഞ്ഞിളി'ഞ്ഞൊഴിയുവാൻ ശ്രമിക്കലാണുണ്ടായത്. "ശമ്പളം കൊടുക്കാതെ പിടിച്ചുവെച്ചത് ഒരു ശിക്ഷയായിട്ടല്ല; പ്രവൃത്തിയിൽ അജാഗ്രത കാണുന്നതിനാൽ അവരെ ശ്രദ്ധവെച്ചു പ്രവൃത്തി എടുപ്പിക്കുന്നതിന്നു വേണ്ടിയാണ്" എന്നായിരുന്നു അങ്ങോരുടെ സമാധാനം!


ഈ വിദ്വാൻ എന്താണ് പോലും വിചാരിക്കുന്നത്? ശ്രദ്ധവെച്ചു പ്രവൃത്തി എടുപ്പിക്കുവാൻ ശമ്പളം പിടിച്ചുവെച്ചുവത്രെ! ഈ ഇമിറേഷൻ ഡിക്ടേറ്റർ ഇനി പഴയ ആശാന്മാരെപ്പോലെ മണൽകൂട്ടി കീഴ്ദ്യോഗസ്ഥന്മാരുടെ മുടയ്ക്ക് നുള്ളുകയും, എഴുത്താണികൊണ്ടെന്നപോലെ, പെൻഡൻപെൻകൊണ്ട് അവരുടെ കവിളത്തു കുത്തുകയും ചെയ്യാതിരുന്നാൽ ഭാഗ്യമെന്നേ കരുതേണ്ടൂ!

"മുനിസിപ്പാൽ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനുള്ള നിയമത്തിൽ, ശിക്ഷയുടെ നിലക്ക് ശമ്പളം കൊടുക്കാതിരിക്കണമെന്ന് പറഞ്ഞിട്ടുണ്ടോ?" എന്ന ചോദ്യത്തിനുള്ള മറുപടി "ശിക്ഷ പലേവിധവുമുണ്ട്. ഇങ്ങിനത്തെ ശിക്ഷകൾ നിയമത്തിൽ പറഞ്ഞിട്ടില്ല" എന്നായിരുന്നു! ഇവയിൽ ആദ്യത്തെ വാചകത്തിൽ തിങ്ങിവിങ്ങി നിൽക്കുന്ന ധിക്കാരത്തിന്റെ കട്ടി എത്രയാണെന്ന് നിങ്ങൾക്കുഹിക്കുവാൻ കഴിയുമോ? അമ്പമ്പോ! ഒരു കമ്മീഷണരുടെ തലക്കെട്ട് തലയിലെത്തിച്ചേരുമ്പോൾ, ആളുകൾക്ക് ഇത്ര ധാർഷ്ട്യം വന്നുചേരുമെങ്കിൽ, മുഖ്യാധികാരി എനിമേലിൽ കമ്മീഷണരുടെ ജോലി വേണ്ടെന്നുവെക്കുന്നതായിരിക്കും ഉത്തമം. "ശിക്ഷകൾ പലേവിധവുമുണ്ട്"പോലും! അരിയും തിന്ന്, ആശാരിയേയും കടിച്ച്, പിന്നേയും നായ മുന്നോട്ടെന്ന് പണ്ടാരോ പറഞ്ഞതുപോലെ, അധികാരമില്ലാത്ത പ്രവൃത്തി ചെയ്തവൻ, അതിനെപ്പറ്റി ചോദ്യം വരുമ്പോൾ കൂസലില്ലാതെ പറയുവാൻ ധൈര്യപ്പെട്ട മറുപടിയാണിത്! മിസ്റ്റർ കോഴിപ്പുറം, ഇതുകേട്ട് മിണ്ടാതിരുന്ന കൌൺസിലിൽവെച്ച് ഇനിമേലിൽ നിങ്ങൾ ചോദ്യങ്ങൾ ചോദിക്കാതിരിക്കുകയാണ് നല്ലത്. നമ്മുടെ കൌൺസിലർമാരിൽ ചിലരെപ്പറ്റി ഞാൻ ചില അന്വേഷണങ്ങൾ നടത്തിവരികയാണ്. അവ പൂർത്തിയായ ഉടനെ നമുക്ക് അവരുടെ ജാതകങ്ങൾ ലഘുവായൊന്നു പരിശോധിക്കാം. ഈ മൌനത്തിന്റെ വേര് എവിടെയാണെന്നു കണ്ടുപിടിയ്ക്കുണമല്ലോ! അമ്പട വീരന്മാരേ! നിങ്ങൾക്കോ മാനാപമാനബോധമില്ല; ഈ നഗരത്തിൽ മറ്റുള്ളവരും ആ സ്ഥിതിയിലെത്തിയെന്നാണോ നിങ്ങൾ വിചാരിക്കുന്നത്?

"മാങ്കാവു മുസ്ലീം എടുപ്പിലേക്ക് ആവശ്യമായി വന്ന ചില്ലറ റിപ്പയർ ചെയ്യിക്കാനുള്ള ഡോക്ടർ നെടുങ്ങാടി പറഞ്ഞതിനെ കമ്മീഷണർ നിരസിച്ചതു ചില്ലറ റിപ്പയർ അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കുന്നതു നന്നായിരിക്കുകയില്ലെന്ന് ഇടക്കാലമന്ത്രിമാരിൽ അവിശ്വാസം വെച്ചിട്ടാണ്."

—ജൂൺ 17-ാംനു-ത്തെ ദിനബന്ധു.

ഇടക്കാലമന്ത്രിമാരിൽ ഗംഭീരമായ അവിശ്വാസമുള്ള കൂട്ടത്തിലാണ് ഞങ്ങളും. പക്ഷെ ഈ ചില്ലറ റിപ്പേറിന്റെ കാര്യത്തിൽ അവർ കടന്ന് കയറിട്ടുവാനിടയില്ലെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം.



തിങ്കളാഴ്ച ചന്ദ്രനെക്കണ്ടാൽ 'ജളത്വം'—ബ്ലീച്ചടി—ഫലമാണത്രെ. അതു ശരിയാണെങ്കിൽ, ബ്രിട്ടീഷ് ഗവമ്മേണ്ട് കഴിഞ്ഞ ഒരു കൊല്ലമായി ശുക്ലപക്ഷാരംഭത്തിലെ ചന്ദ്രനെ തിങ്കളാഴ്ചകളിൽ മാത്രമെ കാണാവള്ളൂ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ, ചാരവശാൽ ന്യായം ജന്മത്തിലായിരിക്കണം: സ്വജനകലഹവും, മനോജാള്യവുമാണ് ജന്മവ്യാഴത്തിന്റെ ഫലങ്ങളെന്ന് പ്രമാണം ഘോഷിക്കുന്നുണ്ട്. എന്തോ തകരാറുണ്ട്, അതു തീച്ച.

* * * *

ഞാൻ സൂചിപ്പിക്കുന്ന ജാള്യത എത്രതന്നെയായാലും അത് ബ്രിട്ടനിലെ മന്ത്രിസഭാംഗങ്ങളുടെ വിഡ്ഢിത്തത്തിന്റെ ഫലമായിള്ളുടെ? ഞാനെന്തിനു വെറുതെ ഗ്രഹേശ്വരന്മാരെ കുറ്റപ്പെടുത്തുന്നു? എന്നു നിങ്ങൾ ഒരു സമയം വിചാരിക്കും. ആ വിചാരം ശരിയല്ല. ഇതിനു മുമ്പ് ബ്രിട്ടനിലുണ്ടായിരുന്ന മന്ത്രിസഭാംഗങ്ങളെക്കാൾ വിഡ്ഢികളാണ് ഇപ്പോഴത്തെ കൂട്ടരെന്ന് വിചാരിക്കുവാൻ ന്യായം കാണുന്നില്ല പക്ഷെ മറവള്ളവരുടെയൊന്നും കാലത്ത് ഇങ്ങിനെ തൊട്ടതും തൊടുന്നതുമൊക്കെ പീറാസ്സായി കലാശിച്ചിട്ടില്ല. അതുകൊണ്ടാണ് ഇത് ഒരാളുടേയോ, ഒരു മന്ത്രിസഭയുടേയോ തലച്ചോറില്ലായ്മയുടെ ഫലമായിരിക്കുകയില്ല; യോഗമായിരിക്കണം; എന്ന് ഞാൻ ഊഹിക്കുന്നത്.

* * * *

ഒരമേരിക്കൻ പത്രത്തിലെ ഹാസ്യചിത്രം കണ്ടതോടുകൂടിയാണ് ഇക്കാര്യത്തെപ്പറ്റിയുള്ള ചിന്ത എന്റെ മനസ്സിൽ കടന്നുവന്നത്. പ്രസ്തുത ചിത്രകാരൻ ബ്രിട്ടീഷ് 'സിംഹ'ത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റിയാണ് ചിത്രമെഴുതിയിരിക്കുന്നത്. ആ സിംഹത്തിന്റെ ശോച്യാവസ്ഥയെ എനിക്ക് വർണ്ണിക്കുവാൻ കഴിയുകയില്ല; അത്രത്തോളം ഹലാക്കിലാണ്. അവന്റെ വാലിന്റെ ഒരറ്റം ഒരു കുട്ടി (മുസ്സോളിനി) പിടിച്ച് പൊക്കിയിരിക്കുന്നു. അതിന്മേൽ, ഞാണിന്മേൽകളിക്കാരനെപ്പോലെ, വേറൊരു കുട്ടി (ജനറൽ ഫ്രാങ്കോ) ചാടിവീണ് മലക്കം മറിയുന്നു. പെൻഷൻ പറ്റിപ്പിരിഞ്ഞ ഹെഡ്കോൺസ്റ്റബിളെപ്പോലെയുള്ള നമ്മുടെ സിംഹം തിരിഞ്ഞുനോക്കി പറയുകയാണ്: "കുട്ടികളെ കൂട്ടിക്കളി വിടില്ല!" എന്ന്. അതെങ്ങിനെ?

* * * *

എത്യോപ്യൻ കാര്യത്തിൽ, ആ പാവം നീഗസ്സ് തോളിൽ മാറാപ്പും, കയ്യിൽ വടിയുമായി "ഹര, ഹരോ ഹര! പഴനി വേലായുധാ! നമുക്കിന്ത വിധി വന്തതോ!" എന്നും പറഞ്ഞ് പടിയിറങ്ങിപ്പോകുമ്പോൾ ബ്രിട്ടീഷു മന്ത്രിസഭക്ക് ഒറ്റമുഖമായിരുന്നുവെങ്കിൽ ആ മുഖത്തുണ്ടായിരിക്കുവാനിടയുള്ള ഇളിഭ്യത ടൂഡാഗിനിയുടെ സഹായമില്ലാതെ ഒരു ഫർലോങ്ങ് അകലെനിന്ന് കണ്ടറിയുവാൻ കഴിയുന്ന വിധത്തിൽ അത്ര ഏ-ക്ലാസായിരിക്കുമായിരുന്നു. അതു മുഴുവൻ നിങ്ങുന്നതിനു മുമ്പാണ് വിൻഡ്സർ പ്രഭു മറ്റൊരു ചരിത്രപ്രധാനമായ ബ്ലീച്ച് വരുത്തിച്ചത്. "പുകഞ്ഞ കൊള്ളി പുറത്ത്; ഞങ്ങടെങ്കിതു കൊണ്ടൊരു പുല്ലുമില്ല" എന്ന് അന്നും അവർ നടിച്ചു.

* * * *

അതിലിടക്ക്, എത്യോപ്യൻ കുഴപ്പം കഴിഞ്ഞ ഉടനെ, "എന്നി എല്ലാവരും ശബ്ദിക്കാതെ അവ

രവരുടെ സ്ഥാനത്തിരുന്നുകൊള്ളണം!" എന്ന ബ്രിട്ടന്റെ കല്പനയെ വകവെക്കാതെ, മുസ്സോളിനി സ്പെയിനിന്റെ നട്ടപ്പുറത്ത് ബൂട്ടുസിട്ട കാലുകൊണ്ടു ഒരു ചവിട്ടു ചവിട്ടി. പഴയ കൂടയും കക്ഷത്തിലാക്കി, മ. രാ. രാ. അന്തോണി ഈഡൻ മാധ്യസ്ഥ്യത്തിനു പുറപ്പെട്ടു. 'ഇരിക്കിൻ, കാരണവരേ!" എന്നു പറഞ്ഞു് ആ ജഗൽപരിഹാസികളായ ഹിറ്റ്ലരും മുസ്സോളിനിയും മൂപ്പരെ ചാരുകസാലയിൽത്തന്നെ ഇരുത്തി. "നിങ്ങളാരും തമ്മിൽ വഴക്കുകൂടരുതു്. സ്പെയിനിനെ വിട്ടേക്കണം. അതുപറയാനാണ് ഞാൻ വന്നതു്" എന്നു് കാസ്നോപ്പാടു്. "സംശയമുണ്ടോ? അതിന്നു് ചേട്ടൻ ഇങ്ങിനെ നടന്നു് ബുദ്ധിമുട്ടേണ്ടിയിരുന്നുവോ? ഒരാളെ അയച്ചാൽ മതിയാകുമായിരുന്നില്ലേ?" എന്നു്, വായപൊത്തി ഓച്ഛാനിച്ചുകൊണ്ടു്, ഹിറ്റ്ലരും മുസ്സോളിനിയും.

* * * *

എന്നിട്ടെന്തു ചെയ്തു? മേപ്പടിയാന്മാർ സ്പെയിനിനെ അടുത്തു വിളിച്ചു്, "എടാ, ഇങ്ങുവാ! ഇനി ഞങ്ങളൊന്നും ചെയ്യൂല, പേടിക്കണ്ട. അന്തോണിച്ചേട്ടൻ പറഞ്ഞാൽ പിന്നെ ഞങ്ങൾക്കു് അതിനു മീതെയൊന്നുമില്ല," എന്നു പറഞ്ഞു. സ്പെയിൻ അടുത്തുചെന്നു. ഹിറ്റ്ലർ മേപ്പടിയാന്റെ കൂടുമ കൈയിലാക്കിച്ചുറ്റി തലയൊന്നു താഴ്ത്തി. ചാമ്പി മുസ്സോളിനി പിരടിക്കു്. ഠോ, ഠോ, ഠോ! "ബാക്കിക്കു് ഞങ്ങളങ്ങോട്ടു് വരാം. ഇപ്പോളം കടന്നുപോ!" എന്നു പറഞ്ഞു്, കഴുത്തുപിടിച്ചൊരു തള്ളും തള്ളി. ഇതൊക്കെ കണ്ടു് പകുതി ചൂണ്ണാമ്പുതേച്ച വെറുതിലച്ചീന്തും കൈയിൽ പിടിച്ചു നിൽക്കുന്ന നിഷ്പക്ഷസന്ധിശ്രീ. അന്തോണിയമ്മാനോടു് "എന്താ, ചേട്ടാ, നമുക്കിനി ആ സന്ധിക്കാര്യം ആലോചിക്കുകയല്ലേ?" എന്നു ചോദിച്ചു.

* * * *

മാന്യരേ, മാന്യമഹിളകളേ, ഞാൻ നിങ്ങളോടു് ഒരു ചോദ്യം ചോദിക്കുന്നു: ഈ വിഷമഘട്ടത്തിൽ നമ്മുടെ അമ്മാന്റെ ആകപ്പാടെയുള്ള ഒരു മുഖച്ഛായ നിങ്ങൾക്കു് ഉയിർപ്പാൻ കഴിയുമോ? എനിക്കു കഴിയും. അതുകൊണ്ടാണു്—ആ മുഖം എന്റെ മനോദർപ്പണത്തിൽ ഞാൻ തെളിഞ്ഞു കാണുന്നതുകൊണ്ടാണു്—ഈ നാട്ടുപ്രതിരക്ഷ് ഞാൻ ഈ മുറിയിലിരുന്നു ചിരിക്കുന്നതു്. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, ഇക്കഴിഞ്ഞ പതിനഞ്ചു മിനുട്ടുനേരം ഞാൻ ഈ കിടക്കയിൽ കിടന്നു ചിരിച്ചുരുളുകയായിരുന്നു. കഴിഞ്ഞലക്കം 'സഞ്ജയ'നിലെ 'ഹാസ്യാഞ്ജലി' വായിച്ചു് ഡി. എസ്സ്. "വിഷാദാത്മകനായിത്തീർന്നിരിക്കുന്നു!" എന്നു് കണ്ടുപിടിച്ചുകളഞ്ഞ ആ ഗംഭീരമനശ്ശാസ്ത്രവിദഗ്ധൻ ഈ പാതിരച്ചിരി കാണുവാൻ ഇവിടെ ഉണ്ടായില്ലല്ലോ എന്നു് (പറയുന്നതിന്നിടയ്ക്കു്) ഞാൻ വ്യസനിക്കുകതന്നെ ചെയ്യുന്നു. ഉണ്ടായിരുന്നുവെങ്കിൽ, ഒരു ചില്ലറ ബ്ലീച്ചു് അദ്ദേഹത്തിന്നും അനുഭവപ്പെട്ടേനേ!

* * * *

"ഇനിയൊന്നുണ്ടാവുകയില്ല. ഇനി പേടിക്കാനില്ല. ഒക്കെ ഞാൻ പറഞ്ഞു് സമ്മതിപ്പിച്ചിട്ടുണ്ടു്. എവിടെ, റോയിറ്ററെവിടെ? നിഷ്പക്ഷക്കമ്മിറ്റിയുടെ ആലോചന പൊടിപാറി നടക്കുന്നു എന്നു് ലോകത്തിലെ സകല വർത്തമാനക്കടലാസ്സുകാരോടും ചെന്നുപറ! വേഗമാകട്ടെ!" എന്നു് മി: ആൻടണി ഈഡൻ പറഞ്ഞുകൊണ്ടിരിക്കെ, സ്പെയിനിൽ, ആ നഗരം ലഹളക്കാർ പിടിച്ചിരിക്കുന്നു, ഈ നഗരം ബോമ്പേറുകൊണ്ടു് തകരുന്നു; മറേറ ഗ്രാമം നാമാവശേഷമായിരിക്കുന്നു; സ്ത്രീകളും കുട്ടികളും തെരുവുകളിൽ വീണു മരിച്ചു് മരവിച്ചുകിടക്കുന്നു; ഇറ്റാലിയൻ വിമാനങ്ങളും ജർമ്മൻ വിമാനങ്ങളും ആകാശത്തിൽ ചുറ്റിപ്പറക്കുന്നു; എന്നിങ്ങിനെയുള്ള വിവരങ്ങളാണു് വർത്തമാനക്കടലാസ്സുകളിൽ ദിനംപ്രതി കണ്ടുവരുന്നതു്. ബിൽബായോ നഗരം ലഹളക്കാരുടെ കൈവശമായിക്കഴിഞ്ഞു!

* * * *

ബ്രിട്ടീഷുഗവർമ്മേണ്ടിന്നു് പറ്റാൻപോകുന്ന മറെറാരു ബ്ലീച്ചു് ഇന്ത്യൻ കാര്യത്തിലാണു്. ഗാന്ധിയമ്മാൻ 'എന്നാൽ അഞ്ചു ഗ്രാമം.....പോട്ടെ, അഞ്ചാറെണ്ണംകൂടി ഒരു ഗ്രാമം.....അഞ്ചു വീടു്.....ഒരു വീടു്.....' എന്ന നിലയിൽ കീഴ്പോട്ടു വരുന്തോറും 'ഇല്ല! വിടില്ല! സൂചികുത്താൻ പഴുതു കൊടുക്കില്ല! ഗെറൌട്ടു്! പാർലിമെൻറു കൊടുക്കേണ്ടതു കൊടുത്തു; പറയേണ്ടതു പറഞ്ഞു. എനി മാറിപ്പുറയില്ല' എന്നു് സെറ്റ്ലെൻറ് പ്ലേറ്റു വാശിപിടിച്ചു. ഗാന്ധിയമ്മാൻ ഈ നയോപായം കഷായത്തിന്നു് വെല്ലം

മേല്പോടി ചേക്കുമ്പോഴം ജവഹരിലാൽ ബമ്മയിലായിരുന്നു. മൂപ്പരിതാ മടങ്ങിയെത്തിയിരിക്കുന്നു: "എന്താ കേട്ടത്? തരില്ല, ഇല്ലേ? വേണ്ട! റാം റാം!' എന്ന് ചുരുങ്ങിയ നാലു വാചകമാണ് താൻ ഇതൊക്കെ കേട്ടപ്പോഴം, 'ശാന്താ—യ്' പറഞ്ഞത്. പക്ഷെ ഈ ത്യാഗബുദ്ധി, നമ്മളൊക്കെ പ്രതീക്ഷിച്ചിരിക്കാവുന്നതുപോലെ, സന്തോഷമല്ല, ചുരുങ്ങിയ ഒരു വയററിൽ വേദനയാണ് സെറ്റ്ലെൻറ് പ്രഭുവിനും സെററിനും ഉണ്ടാക്കിയതെന്നാണ് കാണുന്നത്.

* * * *

എനിക്കിതൊന്നും മനസ്സിലാകുന്നില്ലേ! (നമ്മഠക്കൊക്കെ വയസ്സായില്ലേ മേഷ്ടേ? ചെറുപ്പത്തിലൊക്കെ ചക്കയും മാങ്ങയും പഴത്താൽ ആവിവരം ഉരത്തിന്മേൽ കയറി നോക്കാതെ അറിയുവാനുള്ള ഒരു ചില്ലറസ്സാമർത്ഥ്യമൊക്കെ എനിക്കുണ്ടായിരുന്നു. ഇപ്പോഴം കണ്ണും മങ്ങി, തലയും നരച്ചു. പലതും കാണുന്നില്ലെന്നും, കണ്ടാൽത്തിരിയുന്നില്ലെന്നുമുള്ള ദിക്കിലെത്തി. അതാണ് നിങ്ങളുടെ പാറപ്പുറത്തിന്റെ സ്ഥിതി.) നിങ്ങളാലോചിക്കിൻ! ഞങ്ങഠക്ക് ഇന്നതു വേണമെന്ന നമ്മഠം പറഞ്ഞു. 'പിന്നുല്ലേ? കടന്നുപോ!' എന്ന് അവർ പറഞ്ഞു. 'എന്നാൽ വേണ്ട. ഞങ്ങളിതാ പോകുന്നു' എന്ന നമ്മഠം പറയുന്നു. അതും സമ്മതിക്കില്ല പോലും! ഇതെന്ത് ഗറില്ലാക്കിന്റെ കൊടിയാണ്, മേഷ്ടേ? ബിരിയാണി തരുല്ലെങ്കിൽ വേണ്ട; വെള്ളച്ചോറ് തീററിയേ വിടൂ എന്ന് എന്തിനാണ് മേഷ്ടേ ഒരു വാശി? (ഞാൻ ഈ വിഷയത്തെപ്പററി ഈയിടെ ആമത്ക്കായോട് സംസാരിച്ചപ്പോഴം അദ്ദേഹം പറഞ്ഞതാണിത്. ആമത്ക്കായും സഞ്ജയനും തമ്മിലുള്ള അഭേദ്യമായ കൂട്ടുകെട്ടിന്നാണ്, കൂട്ടരേ, സമുക്രത്തിൽ ഹിന്ദുമുസ്ലിം മൈത്രി എന്നു പറയുന്നത്.)

* * * *

മലബാർ ഡി. ബോ. രണ്ടായ് കണ്ടിക്കുവാൻ നമ്മുടെ ബഹുമാനപ്പെട്ട ഇടക്കാലമന്ത്രിസഭ തീച്ചപ്പെടുത്തിയിരിക്കുന്ന വിവരം നിങ്ങഠം അറിയുമല്ലോ ബഹു: ആറെമ്പാലാട്ട് ഇവിടെ ഡി. ബോ. പ്ര. ആയിരുന്ന കാലത്ത് അദ്ദേഹം ഈ കണ്ടിക്കലിന്ന് ബഹുവിരോധിയായിരുന്നുവത്രെ. അതിന്നെതിരായി അദ്ദേഹം ഒരു നീണ്ട പ്രബന്ധം (ഇംഗ്ലീഷിൽ) എഴുതുകയോ എഴുതിക്കുകയോ, ടൈപ്പുചെയ്യുകയോ, ചെയ്തിക്കുകയോ ചെയ്ത് "മദ്രാസ് മെയിൽ" പത്രത്തിലേക്കയച്ചിരുന്നുപോലും സ്ഥലദൌർലഭ്യം കൊണ്ടായിരിക്കണം, "മദ്രാസ് മെയിൽ" അതു പ്രസിദ്ധപ്പെടുത്തിയില്ല. അതിന്റെ കോപ്പി ഡി. ബോ. റിക്കാർഡുകളുടെ ഇടയിൽ ഇന്നും കാണാം പോലും. (ഇതൊക്കെ ഒരു ഡി. ബോ. മെമ്പർ പരസ്യമായി പറഞ്ഞതാണേ!) അന്ന് അതുമാതുമ ഈ വിഭജനത്തിന്നെതിരായ മനുഷ്യൻ ഇപ്പോഴം അതിനെ അനുകൂലിക്കുന്നതിന്റെ അടിയിലുള്ള തത്ത്വമോ, രഹസ്യമോ, സൂത്രമോ, എന്താണെന്ന് പാലക്കാട്ടെ ചായസൽകാരവിദഗ്ധന്മാരിലാരും ചോദിക്കാഞ്ഞതെന്താണാവോ? "ബഹു: മന്ത്രിയല്ലേ? എങ്ങിനെയാണ് ചോദിക്കുക?" എന്നു വിചാരിച്ചിട്ടായിരിക്കും! അല്ലേ?


* * * *

വിഭജനമാണെങ്കിൽ അതിനും വേണ്ടേ, മാന്യരേ, നാലാളം കേട്ടാൽ ഒരു ചിതം? പണ്ട് കുരങ്ങച്ചാര് പൂച്ചകഠക്ക് അപ്പം ഭാഗിച്ചതുപോലെയാണ് നമ്മുടെ ബഹുമാനപ്പെട്ടതെങ്കിലും തല സമമല്ലാത്ത മന്ത്രിസഭ ബോർഡിനെ ഭാഗിക്കുവാൻ പോകുന്നത്. കോരപ്പുഴയാണ് അതിത്തി! ഇരുപത്തിരണ്ടു ലക്ഷം ജനസംഖ്യ തെക്കെക്കണ്ടത്തിൽ, പത്തുലക്ഷം വടക്കെക്കണ്ടത്തിൽ; ആറുലക്ഷം ഉരുപ്പിക വരവ് വടക്ക്, പതിനാറുലക്ഷം തെക്ക്! "ആയിരം നായിക നീളം, അഞ്ഞൂറ് നായിക വീതി, സമശതുരം!" എന്ന് പണ്ടാരോ പറഞ്ഞതുപോലെ, സമോഹരി!! ഈ ഇടക്കാലമന്ത്രിസഭയുടെ പ്രവൃത്തികളിൽ ഏതിലെങ്കിലും ബുദ്ധിയുടെയോ, നീതിയുടേയോ, പൊതുജനാഭിപ്രായവിധേയത്വത്തിന്റേയൊ, യുക്തിയുടേയോ, വകതിരിവിന്റേയോ ഒരു നിഴലെങ്കിലും പതിഞ്ഞുപോകാനിടയുണ്ടെന്ന് ഞാൻ ശങ്കിച്ചുപോയതുകൊണ്ട് പറയുകയല്ല—എന്നാലും.....ആറും പതിനാറും തമ്മിലുള്ള വ്യത്യാസം അറിയുവാൻ മാത്രമുള്ള എലിമെണ്ടറി മാത്ത് മാററിക്കുകിലും.....പോട്ടെ, പറഞ്ഞിട്ടെന്തു കായ്ം? നമ്മുടെ യോഗം!!!



തീയ്യ് തോക്ക്; അഥവാ,—

സിന്ധുവാം രാജ്യത്തിലെശ്ശാസ്ത്രിമാ,രനവാരോഹ—
ബന്ധുക്കളം, ചിലർ പണ്ടു പോപ്പിയർസ്സായ്പോടോതി:—
"ഭർത്താവോടൊപ്പം ദഹിച്ചീടണം ചിതാഗ്നിയിൽ—
പതിയെന്നല്ലാ ശാസ്ത്രം ഞങ്ങൾക്കു ഹൃണപ്രഭോ!
നാരിടയ്ക്കിൽഭേദം വന്നീടിൽ നശിച്ചുപോം
ഭാരതം; പതിച്ചുപോം നാരകത്തിലും താഴെ.
ഞങ്ങളിച്ചട്ടം മുറക്കാചരിക്കയെയുള്ളൂ;
നിങ്ങൾക്കെന്തതിൽക്കായ്ക?—മാസ്ത്രീകളസ്മൽസ്ത്രീകം."



—ശാസ്ത്രത്തിനു ശാസ്ത്രം.

ഓതിനാനല്പം ചിരിച്ചുത്തരം ഹൂണാധീശൻ:
"ആദരിച്ചിടാം ഞാനിശ്ശാസ്ത്രമെൻസോദരേ!
ഉണ്ടു നാരിയെത്തീയിൽച്ചാടിപ്പിപ്പോരെത്തോക്കി-
നുണ്ടയോലുടൻ ചുടാൻ ഞങ്ങൾക്കുമൊരു ശാസ്ത്രം!
രണ്ടു ശാസ്ത്രവും നമ്മൾക്കാചരിച്ചീടാമൊപ്പം";...
കണ്ടില്ല മാമൂൽക്കാരെക്കണ്മുന്നിലെങ്ങും പിന്നെ!!

['കവനമഞ്ജരി'യിൽ മഹാകവി ഉള്ളൂർ.]

കാരണം.

ഞാൻ വർത്തമാനക്കടലാസ്സു വായിച്ചുകൊണ്ടിരിക്കുകയായിരുന്നു; മി: പിഷാരടി അടുത്ത് ഒരു കാൻവസ് കസാലയിൽ കിടന്ന് ആലോചിക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം പറഞ്ഞു:

"പറ്റില്ല, സർ, പറ്റില്ല!"

"എന്തു പറ്റില്ല?" ഞാൻ കടലാസ്സു മടിയിൽ വെച്ചു ചോദിച്ചു.

"പെണ്ണുങ്ങൾ ഉദ്യോഗം ഭരിപ്പാൻ കൊള്ളുകയില്ല."

"നിങ്ങളല്ലേ, പിഷാരടി, എന്നോട് പെണ്ണുങ്ങൾക്ക് പുരുഷന്മാരോടൊപ്പം പൊതുജീവിതത്തിൽ പ്രാധാന്യവും പ്രാതിനിധ്യവും കൊടുക്കേണ്ടതാണെന്നും മറ്റും ഒരു ദിവസത്തിൽ പത്തു പ്രാവശ്യം വാദിക്കാറുണ്ടായിരുന്നത്? ഞാൻ ഏതാണ്ട് നിങ്ങളുടെ പ്രസംഗം കേട്ട് നിങ്ങളുടെ അഭിപ്രായത്തോടു യോജിച്ചുവരികയാണ്. ഇപ്പോൾ ഇങ്ങിനെയായോ? എന്താണ് പെണ്ണുങ്ങൾക്ക് തരക്കേട്? അവക്ക് നമ്മളെപ്പോലെ ബുദ്ധിയില്ലേ? പ്രാപ്തിയില്ലേ? ഉത്സാഹശീലമില്ലേ?"

"ഉണ്ട്"—മി: പിഷാരടി പറഞ്ഞു—"എന്നു മാത്രമല്ല, ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, ഇവയെല്ലാം അവക്ക് സാമാന്യേന പുരുഷന്മാരേക്കാൾ കൂടുതലുണ്ടെന്നു തന്നെ ഞാൻ ഇപ്പോഴും പറയുന്നു. എന്റെ അഭിപ്രായം മാറുവാനുള്ള കാരണം അവിടെയൊന്നുമല്ല കിടക്കുന്നത്."

"പിന്നെ എവിടെയാണ്?"

"പറയാം: എന്റെ അഭിപ്രായം പെണ്ണുങ്ങൾ ഉദ്യോഗം വഹിക്കണമെങ്കിൽ അവർ പെണ്ണുങ്ങളല്ലാതായിത്തീരണമെന്നാണ്. ഞാൻ തുറന്നു വെറുതെ പറയുകയുമല്ല; സ്വാനുഭവമാണ് അതിന്റെ അടിയിലുള്ളത്.

"ഇന്നുണ്ടായ രസം നിങ്ങൾക്കു കേൾക്കണോ? ഞാൻ ഇന്നു രാവിലെ മിസ്സ്—യെ കാണാൻ ചെന്നു. മിസ്സ്—ഒരു ഗവർമ്മേണ്ടു് ഉദ്യോഗസ്ഥയാണെന്ന് നിങ്ങൾ അറിയുമല്ലോ. ഔദ്യോഗികമായി ചില കാര്യങ്ങളെപ്പറ്റി സംസാരിക്കുവാനാണ് ഞാൻ പോയത്. എട്ടുമണിക്ക് ഞാൻ വിടെയെത്തി. 'മിസ്സ്—അകത്തുണ്ടോ?' എന്ന് ശിപായിയോടു ചോദിച്ചു. 'ഉണ്ട്; പക്ഷെ ഇപ്പോൾ കാണാൻ തരമില്ല' എന്നായിരുന്നു മറുപടി.

'അടിയന്തരകാര്യമാണ്,' എന്നു ഞാൻ.

'എന്ത് അടിയന്തരമായാലും ഇപ്പോൾ നിവൃത്തിയില്ല' എന്നു ശിപായി.

'കാരണം?'—ഞാൻ ചോദിച്ചു.

'കുളിക്കുകയാണ്'—എന്നു മറുപടി.

'ഓ, ഹോ! അതുയേ ഉള്ളു? ഞാൻ ഇവിടെ കാത്തോളാം' എന്നു ഞാൻ പറഞ്ഞു.

'എത്ര നേരമാണ്, അവിടുന്ന് കാക്കുക?'

'അര മണിക്കൂർ കാത്താൽ പോരെ?'

'പോര.'

'ഒരു മണിക്കൂർ?'

'അതും പോര. അപ്പോഴെക്ക് പക്ഷെ കുളി കഴിയുമായിരിക്കും. പിന്നെ തലമുടി വാരുകെട്ടുവാൻ അര മണിക്കൂർ തികച്ചും വേണം. പൊട്ടു തൊടാൻ പത്തു മിനുട്ട്. അതു കഴിഞ്ഞ് ഉടുപ്പിടൽ മുഴുവനാകുവാൻ പതിനഞ്ചു മിനുട്ട്. മുഖക്കണ്ണാടി നോക്കുവാൻ മിനുട്ട് പത്ത്. ഒടുക്കം ആറുകണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്ന് പതിനഞ്ചു മിനുട്ട് നേരം തിരിയുകയും പിരിയുകയും ചെയ്യും. അരെങ്കിലും കാണാൻ വന്നിട്ടുണ്ടെന്നു ചെന്നു പറഞ്ഞാൽ കണ്ണാടി നോക്കൽ അതുതന്നെ സമയത്തേക്ക് ഒരു വട്ടംകൂടി നടക്കും. ഇതെല്ലാം കഴിയുന്നതുവരെ അവിടത്തേക്ക് ഇവിടെ ഇരിക്കുകയല്ലാതെ മറ്റു ജോലിയൊന്നുമില്ലെങ്കിൽ നിൽക്കാം.'

"എനിക്കു ജോലി മറ്റനേകമുണ്ടായിരുന്നതിനാൽ ഞാൻ, 'അങ്ങിനെയാണെങ്കിൽ പിന്നെ വരാം' എന്നു പറഞ്ഞ് തിരിച്ചുപോന്നു. അതുമുതൽ ഇതുവരെ ഞാൻ ഇക്കാര്യത്തെപ്പറ്റി ആലോചിക്കുകയായിരുന്നു....അല്ലെങ്കിൽ വേണ്ടില്ല, അങ്ങിനെയുള്ള ഒരു ഭദ്രലോകരംഭയായിരുന്നെങ്കിൽ.....നിങ്ങൾ മിസ്സ്—യെ കണ്ടിട്ടില്ലല്ലോ?.....ഇല്ല, അല്ലേ? നിങ്ങളുടെ ഭാഗ്യം! ആ സ്ഥിതിക്ക് കൂടുതൽ സൌന്ദര്യമുള്ളവരുടെ കഥ എന്തായിരിക്കും! അതാലോചിച്ചു ഞാൻ പറഞ്ഞതു പറഞ്ഞുപോയതാണ്. അതുയേ ഉള്ളു."

അജ്ഞാനവീഥി.

പത്തോ പതിനഞ്ചോ ദിവസം ഒരേ ഒരിരിപ്പിൽ ഇരുന്നാലോചിച്ചാലും അർത്ഥവ്യാപ്തിയുടെ അറ്റം കാണപ്പെടാത്ത വേദാന്തസൂത്രങ്ങളെപ്പോലെയുള്ള ചില വാക്യങ്ങളും ഒരുമിച്ചു ചേർത്ത് പ്രത്യേകമൊരു പങ്ക്തിയിൽ അച്ചടിക്കുകയെന്നുള്ള സമ്പ്രദായം പല പത്രങ്ങളും, വാരികകളും, മാസികകളും പതിവാക്കീട്ടുണ്ട്. പണ്ടൊക്കെ ഇത്തരം പങ്ക്തികളിൽ വലിയ മതപ്രവാചകന്മാർ, മഹാകവികളും, മഹാചിന്തകന്മാർ മുതലായവരുടെ പ്രവചനങ്ങളും വരികളും മാത്രമെ കാണാറുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അങ്ങിനെയല്ല; പ്രവാചകന്മാർക്കും മഹാകവികൾക്കും മറ്റും മാർക്ക് ചുരുങ്ങിയിരിക്കുന്ന കാലമാണല്ലോ ഇത്. വിജ്ഞാനവീഥിയിൽ ആർക്കും എഴുതാമെന്ന നിലയാണ് ഇന്നു വന്നുകൂടിയിരിക്കുന്നത്. അത് വിശേഷിച്ച് ഒരു പഠിപ്പോ, വാസനയോ വേണ്ടാത്ത വകുപ്പാണെന്നു തീർച്ചതന്നെ; അല്പമൊരു പരിചയം മാത്രം മതി.

ഇങ്ങിനെയൊക്കെ ആലോചിച്ചാണ് ഞങ്ങൾക്ക് പ്രസിദ്ധപ്പെടുത്തുവാൻ കഴിയാതിരുന്ന പല ഹാസ്യപ്രബന്ധങ്ങളും രസഗുണ്ടുകളും അയച്ചു മനം മടുത്തു ഇയിടെയായി അടങ്ങിയൊതുങ്ങിയിരിക്കുന്ന ശ്രീമാൻ പിലാള്ളിൽ താണുപിള്ളയെ ഞങ്ങൾ 'സഞ്ജയ'നുവേണ്ടി പതിവായി "വിജ്ഞാനവീഥി" തയാറാക്കിത്തരുവാനുള്ള ജോലിയേല്പിച്ചത്. പക്ഷെ ഞങ്ങൾക്കയച്ചുകിട്ടിയ സാമഗ്രി "വിജ്ഞാനവീഥി" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തുവാൻ യാതൊരു നിവൃത്തിയുമില്ലാത്ത തരത്തിലുള്ളതായിരുന്നതിനാലും, ക്ഷണപ്രകാരം അയച്ചുകിട്ടിയ സാധനത്തെ ഉപേക്ഷിക്കുന്നതിലുള്ള മയ്യാദകേടാലോചിച്ചും, ഞങ്ങൾ അതിനെ "അജ്ഞാനവിഥി" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുവാൻ തീച്ചപ്പെടുത്തിയിരിക്കുകയാണ്. സുപ്രസിദ്ധന്മാരായ ചില "വിജ്ഞാനവീഥി"ക്കാരെ അനുകരിച്ച് ശ്രീ: പിള്ള പലപ്പോഴും കുണ്ടിലിറങ്ങീട്ടുള്ളതായി വായനക്കാർക്കു കാണാം. പിന്നീട് തെറ്റുധാരണകളും ആവലാതികളും ഉണ്ടാകാതിരിപ്പാനായി ഇതുമുഖമായി പ്രസ്താവിച്ചതാണ്.

മഹാകവികൾ എഴുതുവാൻ ഉപയോഗിക്കുന്ന മഷിയിൽ 'വീറാമിൻസ്"ഉണ്ടെന്നു വിചാരിക്കുന്നത് വെറും വിഡ്ഢിത്തമാണ്; പഴങ്കഞ്ഞിവെള്ളമാണ് പട്ടിണിക്കാരെ സംബന്ധിച്ചിടത്തോളം, അതിനെക്കാൾ ഭേദം.

* * * *

ഈശ്വരൻ, ഈശ്വരൻ എന്ന് (രണ്ടു പ്രാവശ്യം) കേൾക്കുമ്പോൾ നിങ്ങളാരും പരിഭ്രമിച്ചു പോകരുത്; യജമാനൻ, യജമാനൻ എന്നു മാത്രമേ അതിന്നർത്ഥമുള്ളൂ. 'യജമാനൻ' എന്ന ആളെ ചവിട്ടുവാൻ നിങ്ങൾക്കു കഴിയുമെന്ന് നിങ്ങൾ മറക്കുകയുമരുത്.

* * * *

നിങ്ങൾക്കു മനസ്സിലാകാത്ത മഹദ്വാക്യങ്ങൾ വായിച്ച് സമയംകളയരുത്; ഞാനെഴുതിയത് എളുപ്പത്തിൽ മനസ്സിലാകും: അതു വായിക്കുവിൻ!

* * * *

വിസ്തരിച്ചു പറയുവാനുള്ള അവകാശം ആരുടെയും കുത്തകയല്ല; അത് എല്ലാവർക്കും സമമായി വീതിച്ച് അനുഭവിക്കുവാൻ അധികാരമുണ്ട്.

* * * *

ഡോക്ടരുടെ വാക്കു മാത്രം പ്രമാണിച്ച് ചികിത്സയിൽ വിശ്വസിക്കുന്നതിനെക്കാൾ എത്രയോ ബുദ്ധിപൂർവമായ പ്രവൃത്തി "രോഗമില്ല" എന്നു വിശ്വസിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, അതുമൂലം നിങ്ങൾക്കു ചെലവു പിടിക്കാതെ കഴിക്കാം.

* * * *

യാതൊന്നും മറ്റൊരാൾ ചെയ്യുന്നതുപോലെ ചെയ്യപോകരുത്; എന്തെന്നാൽ പേരു കേൾപ്പിക്കുവാനുള്ള വഴി അതല്ല. തല കീഴ്പോട്ടാക്കി കൈ നിലത്തു കുത്തി നടക്കുന്ന ആളുകൾ എവിടെച്ചെന്നാലും ശ്രദ്ധയെ ആകർഷിക്കുമെന്നുള്ളത് തീച്ച തന്നെയല്ലോ!

നാമങ്ങു പോവുകിൽ—

"വ്യാഖ്യാനിക്കിൻ, സർ, വ്യാഖ്യാനിക്കിൻ! തോന്നിയതുപോലെയൊക്കെ വ്യാഖ്യാനിക്കിൻ! പറഞ്ഞുപറഞ്ഞ്, ഒരു ദിവസം നമ്മുടെ ശ്വാസവും അടങ്ങും. അതുവരെയല്ലേ എന്നെപ്പറ്റി വ്യാഖ്യാനിക്കുള്ളൂ? എതായാലും അതുവരെയല്ലേ ഞാനതു കേൾക്കണ്ടൂ?"—ഇതു പറഞ്ഞതു ഞാനായിരുന്നു.

"നിങ്ങൾ മരണത്തെ സ്തുതിക്കുന്നവരെ പരിഹസിച്ചു, പരിഹസിച്ചു ഒടുക്കം നിങ്ങൾതന്നെ അവരുടെ കൂട്ടത്തിൽ ചേരുവാനാണ് ഭാവമെന്നു തോന്നുന്നു" എന്ന് പി. എൻ കടലാസ്സിൽനിന്നു തലപൊക്കി, ഇടത്തുകൈകൊണ്ടു കണ്ണടയൊന്നു നേരെയാക്കി എന്നോടു പറഞ്ഞു.

ഞാൻ:—മരണത്തോടു വിദ്വേഷം തോന്നാത്തവരൊക്കെ ആത്മഹത്യ ചെയ്യണമെന്നില്ല. എനിക്കു മരണത്തെക്കുറിച്ചുള്ള പ്രതിപത്തിക്കു പ്രധാനകാരണം മരിച്ച ദിവസമെങ്കിലും ആളുകൾ എന്നെപ്പറ്റി രണ്ടു നല്ലവാക്കു പറയുമല്ലോ എന്നുള്ളതാണ്. 'ആരും ആകപ്പാടെ ഒന്നിനും കൊള്ളാത്തവനായിരുന്നെങ്കിലും മനസ്സുനന്നായിരുന്നു' എന്നെങ്കിലും നിങ്ങൾകൂടി പറയും

പി. എൻ:—ഉവ്വുംവ്വ്! അങ്ങിനെ ഞാൻ പറയുമെന്നു വല്ല ധാരണയുമുണ്ടെങ്കിൽ അതു ഇപ്പോൾത്തന്നെ കളയുന്നതാണു ഭേദം. 'മനസ്ഥിതി എങ്ങിനെയായാലും, ചിരിച്ചു കാര്യം പറഞ്ഞ ഒരു പഹയനായിരുന്നു' എന്നേ ഞാൻ പറയൂ.

* * * *

പി. എൻ. പറഞ്ഞതു നേരായാലും കളവായാലും, കളിയായിട്ടായാലും കാര്യമായിട്ടായാലും, അതു ഗൌരവമേറിയ ഒരു അപായത്തിന്റെ നേരെ എന്റെ കണ്ണുതുറപ്പിച്ചു.

"നാമങ്ങുപോവുകിലപ്പുറം നമ്മുടെ
നാമംനിലച്ചെന്തേ? വേർമാഞ്ഞെന്തേ?"

എന്നു മഹാകവി സൂര്യനെക്കൊണ്ടു കണ്ണുനോടു ചോദിപ്പിച്ചിട്ടുണ്ടെങ്കിലും, ഞാൻ ആ അഭിപ്രായക്കാരനല്ല. 'നാമങ്ങു' പോയതിന്റെ ശേഷം ആരെങ്കിലും നമ്മെപ്പറ്റി സ്തുതിയ്ക്കണമെന്നു സിദ്ധാന്തമുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നതെന്നു നിങ്ങൾ ശങ്കിക്കരുത്. അല്ല; ഉള്ളതുപറഞ്ഞു സ്തുതിക്കുകയോ, ദുഷിക്കുകയോ ചെയ്യുവാൻ തീച്ചപ്പെടുത്തിയവരെ മുൻകൂട്ടി അഭിനന്ദിക്കുവാനോ ദ്വേഷിക്കുവാനോ ഞാൻ ഒരുങ്ങീട്ടില്ല. എന്റെ വിരോധം മുഴുവൻ, പി. എൻ. നിർദ്ദേശിച്ച വഴിയിൽക്കൂടി, ഇല്ലാത്തതു പറഞ്ഞു ദുഷിക്കുവാനൊരുങ്ങിയേക്കാവുന്ന മഹാസിദ്ധാന്തികളുടെ നേരെയാണ്.

അവരെ എന്തുചെയ്യും? ആളെ മുൻകൂട്ടി അറിയുവാൻ കഴിഞ്ഞുവെങ്കിൽ, ഒരു നൂറു ജന്മത്തിന്നു മതിയാകുന്ന ശകാരം മരിക്കുന്നതിന്നുമുമ്പുതന്നെ അവരുടെ പിരടിക്കുവെച്ചു കൊടുത്തു, ശാന്തനായി മരിക്കാമായിരുന്നു. പക്ഷെ അതു നിവൃത്തിയില്ലല്ലോ! അങ്ങിനെയൊരത്യാപത്തു വരിച്ചു തലയിലിടുവാനുള്ള വഴിക്കു നിൽക്കുവാൻ അവരെ കിട്ടുമോ?

ഗാഢമായ ദീർഘാലോചനയുടെ ഫലമായി ഞാൻ ഇതിൽനിന്നു ഒരു പോംവഴി കണ്ടുവെച്ചിട്ടുണ്ട്. ഞാൻ ഒരു ക്ലബ്ബു സ്ഥാപിക്കുവാൻ പോകുന്നു. ക്ലബ്ബിൽ അംഗങ്ങളായി ചേരുന്നവർക്കു രണ്ടു ഗുണങ്ങളും അനപേക്ഷണീയമായി വേണം:


i നിതാന്തവിശ്വസ്തത.

ii എതിരാളികളെ ഭയംകരമായി ശകാരിച്ചു തുലക്കുവാനുള്ള നൈപുണ്യം.

ക്ലബ്ബിൽ ചേരുന്നതിന്നു മുമ്പു് ഓരോ അംഗവും പൊന്നും വിളക്കും പിടിച്ചു താഴെ ചേർക്കുന്ന സത്യം ചെയ്യണം.

"ഈ ക്ലബ്ബിലെ ഏതംഗം മരിച്ചതിന്നു ശേഷവും, ഞാൻ ബാക്കിയുണ്ടെങ്കിൽ, എന്റെ മൂക്കിൽ ശ്വാസവും, എന്റെ കൂട്ടിൽ പ്രാണനുമിരിക്കെ, മേപ്പടി പരേതന്റെ നല്ല പേരിനെ കളങ്കംതട്ടാതെ സംരക്ഷിക്കുവാനും, ആ ആവശ്യത്തിന്നു വേണ്ടി, മറ്റു സകല തിട്ടക്കജോലികളും നിർത്തിവെച്ചു, ആരേയും, എതു വേണമെങ്കിലും, ശകാരിച്ചു നാശിപ്പിക്കുവാനും ഞാൻ ഒരുക്കമാണെന്നു, പൊന്നാണെ വിളക്കാണെ, ഞാൻ ആണയിടുന്നു. ഇതുസത്യം."

ഓരോ അംഗവും മരിക്കുമ്പോൾ പകരം മറ്റെല്ലാ അംഗങ്ങളോടേയും വിശ്വാസത്തിന്നു പാത്രമായ ഒരാളെ പുതുതായി ചേർക്കുന്നതുമായിരിക്കും. ഈ പ്ലാനെങ്ങിനെ?



റിപ്പോർട്ടം സംഭവവും.

"അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിനുശേഷം, ഹസ്തതാഡനസമേതം, യോഗം പിരിഞ്ഞു."

രാമൻനായരുടെ "ആത്മഹത്യ"

ഈ കഥയിലെ പാത്രങ്ങളൊക്കെ എന്റെ കൃസ്യഷ്ടികളാണ്. പ്രസിദ്ധിയുള്ള കഥാകാരന്മാർ കല്പിതകഥകളും എഴുതുമ്പോൾ മാനനഷ്ടക്കേസ്സ് ഭയന്ന് ഏതാണ്ട് മേല്പറഞ്ഞ മാതിരി ഒരു വാചകം എഴുതുക പതിവുണ്ട്. അവർ എഴുതുന്നത് പച്ചക്കളവാണെന്നു പറയാൻ അവക്കു ലജ്ജയില്ലെങ്കിൽ, ആരും കേട്ടറിയാത്തവനും കൂട്ടിക്കാലം മുതല്ക്കേ അടി പേടിച്ച് കളവു പറഞ്ഞു ശീലിച്ചവനുമായ എനിക്കുണ്ടോ അതിൽ വല്ല മടിയും? അതുകൊണ്ടിതാ:—

രാമൻനായർ മദ്രാസിൽ പഠിക്കയായിരുന്നു. എന്നുവെച്ചാൽ അങ്ങിനെയാണ് അയാളുടെ നാട്ടുകാരും വീട്ടുകാരും ഒക്കെ വിചാരിച്ചിരുന്നത്. വാസ്തവത്തിൽ അയാൾ എന്താണ് ചെയ്തിരുന്നതെന്ന് അയാൾക്കും ജഗദീശ്വരനും മാത്രമേ അറിഞ്ഞുകൂടൂ.

അയാൾ ആരോടും അധികം സംസാരിക്കില്ല. അധികസമയത്തും ഒരു ചായക്കടയിൽ കിടന്ന് എന്തൊക്കെയൊ ആലോചിച്ചുകൊണ്ടിരിക്കും. മുഖത്തിന്ന് സാധാരണ ആളുകളുടെ മുഖത്തെക്കാൾ നാലംഗുലം നീളം കൂടും. അതിന്മേൽ സ്ഥായിയായ രസം കുരങ്ങു മത്തങ്ങ കുറച്ചാരുടെ മുഖത്ത് കളിയാടുന്ന ശോകരസമാണ്. അതുകൊണ്ടാണ് ആ ഹോസ്റ്റലിൽ താമസിക്കുന്ന മറ്റു വിദ്യാർത്ഥികളുടെ ഇടയിൽ അയാൾക്ക് "മൂകാസുരൻ" എന്ന ഹാസ്യനാമധേയം സിദ്ധിപ്പാനിടയായത്.

ഒരു ദിവസം പതിവിന്നനുസരിച്ച് രാമൻനായർ തന്റെ മുറിയിലിരിക്കുമ്പോൾ അടുത്ത മുറിയിലെ രാഘവമേനോൻ കടന്നുവന്നു. മേനോനാണ് സ്വന്തജോലികളെക്കാൾ അധികം ഇഷ്ടം ആർക്കെങ്കിലും കായ്ങ്ങളാണ്. "പരധർമ്മോ ഭയാവഹഃ" എന്ന വാക്യം മി: മേനോൻ കേട്ടിട്ടേയില്ല. തന്റെ തിടുക്കമായ ജോലികളൊക്കെ നിർത്തിവെച്ച് അന്യരുടെ സകലവിധ കുണ്ടാമണ്ടികളിലും (അവർ ആവശ്യപ്പെടാതെയും പലപ്പൊഴും അവരുടെ ഇഷ്ടത്തിന്നെതിരായും) കയ്യിട്ട് അതൊക്കെ നാനാവിധമാക്കി അവരെ സഹായിക്കുകയാണ് അയാളുടെ പതിവ്.

ഈ പരോപകാരതല്പരൻ രാമൻനായരുടെ മുറിയിൽ കടന്ന ഉടനെ, "എന്താ രാമാ, നീ മിഥുനമാസംപോലെ മുഖവും കറുപ്പിച്ച് ഇരുന്നാലോചിക്കുന്നത്?" എന്നു ചോദിച്ചു.

ഉത്തരമില്ല. "വരൂ, നമുക്കൊരു സിഗരറ്റ് വലിക്കാമെല്ലൊ" എന്നും പറഞ്ഞ് മേനോൻ തന്റെ കീശയിൽ നിന്നു ഒരു സിഗരറ്റെടുത്ത് രാമൻനായരുടെ മടിയിലിട്ടു. എന്നിട്ടും ഉത്തരമോ അനക്കമോ ഇല്ലാതെ മരത്തിന്മേൽ നിന്നു വീണ അണ്ണാനെപ്പോലെ തുറിച്ചുനോക്കുകയല്ലാതെ ഇങ്ങിനെയൊരു വിദ്വാൻ ചിലക്കുന്നതു കേൾക്കുന്നുണ്ടെന്ന ഭാവവുംകൂടി രാമൻനായർ നടിച്ചില്ല.

മി: മേനോൻ വിട്ടുമോ? അതിനൊന്നും അയാളെ കിട്ടില്ല. അങ്ങിനെ എളുപ്പത്തിൽ വിട്ടുകളഞ്ഞാൽ എങ്ങിനെ അന്യർക്ക് ഉപകാരം ചെയ്യും? അദ്ദേഹം ആ മുറിയിൽ നാലുപാടും ചുറ്റിനടന്ന് അലമാരിയിലെ ഉപ്പ് തൊട്ട് കപ്പൂരം വരെയുള്ള സാധനങ്ങളും എടുത്ത് തിരിച്ചും മറിച്ചും നോക്കി. മേശപ്പുറത്ത് കിടക്കുന്ന നൂറായിരം സാമാനങ്ങളും വലിച്ച് അകം നിറയെ വിതറി—അപ്പഴാണ് അതുകളുടെ ഇടയിൽ രാമൻനായരുടെ കയ്യക്ഷരത്തിലുള്ള ഒരു കത്ത് കണ്ടെത്തിയത്.

താൻ ഹോസ്റ്റൽ വിട്ടുപോയാൽ തന്റെ വകപെട്ടികളും, പുസ്തകങ്ങളും, കിടക്ക, മേശ, കസാലകളും മുതലായ സാമാനങ്ങളെപ്പറ്റി കത്തിൽ പറയുമ്പോലെ ഒരു ഏർപ്പാട് ചെയ്യുവെക്കാൻ വേണ്ടി ഹോസ്റ്റൽ വാർഡന്ന് എഴുതിയ ഒരു കുറിപ്പായിരുന്നു അത്. യാതൊരു സങ്കോചവും കൂടാതെ രാഘവമേനോൻ കത്ത് പൊളിച്ചു വായിച്ചു. മഹാബുദ്ധിമാനായ അദ്ദേഹത്തിന്റെ മനസ്സിൽ ചില സംശയങ്ങളെല്ലാം ജനിച്ചു. രാമൻനായരെ മേനോൻ ഒന്നു സൂക്ഷിച്ചുനോക്കി. ആ മഹാത്മാവിന്റെ വികാരശൂന്യമായ മുഖത്ത് പണ്ടത്തെപ്പോലെതന്നെ അന്ധകാരം നിറഞ്ഞിരുന്നു. മി: മേനോന്റെ സംശയം വർദ്ധിച്ചു.

ഉടനെ അയാൾ പ്രവൃത്തിക്ക് വട്ടംകൂട്ടി. ആദ്യം പ്രവർത്തിക്കുകയും പിന്നീട് ആലോചിക്കുകയുമാണ് അയാളുടെ സമ്പ്രദായം. ഇതിന്നനുസരിച്ച് ആ മഹാമനുഷ്യൻ മുറിയിൽ നിന്നു പുറത്തേക്കു ചാടി. പോകുന്ന വഴിക്ക് ചില ചങ്ങാതിമാരെയും കൂട്ടി. എല്ലാവരുംകൂടി വാർഡന്റെ മുറിയുടെ വാതിൽ തള്ളിത്തുറന്ന് അയാളുടെ മുമ്പിൽ കടന്നുചെന്നു. കാര്യമെന്തെന്നറിയാതെ പരിഭ്രമിച്ചു നില്ക്കുന്ന അയാളോട് പത്തു മിനിട്ടിൽ കുറയാതെ നീണ്ടുനിന്ന ഒരു പ്രസംഗം മി. മേനോൻ അടിച്ചു. അതിന്റെ ചുരുക്കം ഇതാണ്:—"സർ, നമ്മുടെ മൂകാസു—12–ാംമുറിയിലെ രാമൻനായക്ക് എന്തോ അപകടം പറ്റീട്ടുണ്ട്. ഇതാ, ഈ കത്ത് നോക്കിൻ. അയാൾ ഇതെഴുതിയതിന്നു ശേഷം എന്തോ മരുന്നു കഴിച്ചിട്ടുണ്ട്. ചോദിച്ചിട്ട് ഉത്തരമില്ല. വേഗം രക്ഷപ്പെടുത്തിയില്ലെങ്കിൽ അവന്റെ കഥ ഇപ്പോൾ കഴിയും."

ഈ പ്രസംഗം കേട്ട വാർഡനും വിദ്യാർത്ഥികളും കരക്കു പിടിച്ചിട്ട മത്സ്യങ്ങളെപ്പോലെ വായ പിളക്കുകയും അടക്കുകയും ചെയ്തതല്ലാതെ ഒരക്ഷരം മിണ്ടാൻ അവക്കു കഴിഞ്ഞില്ല. ചോദ്യത്തിന്നുത്തരം അറിയാതെ മിഴിച്ചുനില്ക്കുന്ന കൊച്ചു വിദ്യാർത്ഥികളെ സർവ്വജ്ഞനായ അദ്ധ്യാപകനെന്നപോലെ രാ. മേനോൻ അവരെയൊന്നു കടാക്ഷിച്ചു. പെട്ടെന്നുണ്ടായ അമ്പരപ്പ് തീർന്നപ്പോൾ എല്ലാവരുംകൂടി 12–ാം നമ്പറിലെക്കു ഓടിച്ചെന്നു. അതിന്റെ ഉടമസ്ഥനാകട്ടെ, പാറയെ നോക്കുന്ന പല്ലിയെപ്പോലെ മുറിയുടെ മൂലക്ക് ചാരിവെച്ച കടയിന്മേൽ നിന്നു കണ്ണു പറിക്കാതെയുള്ള ഇരിപ്പാണ്.

"എന്താ മിസ്റ്റർ രാമൻനായർ, നിങ്ങൾ ഇങ്ങിനെയിരിക്കുന്നത്?" ഉത്തരമില്ല. "എണീക്കിൻ, ഹേ, എന്താണ് നിങ്ങൾക്കൊരു വല്ലായ്മ? ഞങ്ങളോട് സത്യം പറയിൻ." പിന്നെയും നിശ്ശബ്ദം. വാർഡന്റെ ഏവംവിധമായ ചോദ്യങ്ങൾക്ക് മറുപടി കിട്ടാതിരുന്നപ്പോൾ ഉടനെ ഒരു ഡോക്ടരെ വിളിക്കേണ്ടതാണെന്നും പോലീസിലേക്ക് അറിവുകൊടുക്കേണ്ടതാണെന്നും അതി ബുദ്ധിമാനായ രാ. മേനോൻ അഭിപ്രായപ്പെട്ടു. പിന്നീട് അവിടെയുണ്ടായ കോലാഹലം ആയിരം നാവുള്ള അനന്തനെന്നല്ല, സർവ്വാംഗം നാവുള്ള ആത്മപ്രശംസാ സൊള്ളനും കൂടി വർണ്ണിക്കാൻ പ്രയാസമാണ്.

10 അടി നീളം 6 അടി വിതി "സമശതുര"മായ ആ മുറിയുടെ ഉള്ളിലും വാതില്പുലുംകൂടി ഏകദേശം 35 ആളുകൾ തിക്കിത്തിരക്കിക്കൂടിയിരുന്നുവെന്നു മാത്രമല്ല എല്ലാവരും ഒരേ സമയത്ത് അത്യുച്ചത്തിൽ സംസാരിക്കുന്നുമുണ്ടായിരുന്നു. ചിലർ ഡോക്ടരെ വിളിക്കാൻ ഓടി; മറ്റുചിലർ രാമൻനായരെ പിടിച്ചുവലിക്കുകയും കുലുക്കുകയും ചെയ്തു. രാ. മേനോനും വേറെ ഒരു സെറ്റും പോലീസ്സ്റ്റേഷനിലേക്ക് കുതിച്ചു; മറ്റൊരു കൂട്ടം രാമൻനായരുടെ പെട്ടികൾ പരിശോധിച്ചു; നാട്ടിലേക്ക് കമ്പിയടിക്കാൻ ഒരു കൂട്ടർ; പ്രഥമശുശ്രൂഷകൾക്ക് വേറെ ചിലർ; എന്നുവേണ്ട, ഞാൻ പറഞ്ഞില്ലേ മാഷേ, സ്മാംക്കാസ് കോടതിയിലുംകൂടി ഇത്ര ബഹളവും തിരക്കും ഇല്ല.

ചുരുക്കിപ്പറയുന്നതായാൽ, രാമൻനായർ ആത്മഹത്യ ചെയ്യാനാറച്ച്, ഒസ്യത്തെഴുതിവെച്ച്, പിന്നീട് വിഷം കുടിച്ചുവെന്നൊരു വർത്തമാനം അവിടെയൊക്കെ കാട്ടുതീപോലെ പരന്നു. ഒരുവൻ മറ്റൊരുവനോട് പറയുമ്പോൾ രണ്ടു കൂട്ടിപ്പറഞ്ഞു. ഒടുവിൽ, പണ്ടൊരുത്തൻ തുപ്പുമ്പോൾ കണ്ട കറുത്ത വറ്റ് അവൻ രണ്ടു കാക്കയെ ചർദ്ദിച്ചതായി പരിണമിച്ചില്ലെ? ആ പാകത്തിലായി.

ആദ്യം സ്ഥലത്തെത്തിയത് ഒരു കോൺസ്റ്റബ്ലം ആണ്. (സബ്ബ് ഇൻസ്പെക്ടർ സ്റ്റേഷനിൽ ഉണ്ടായിരുന്നില്ല.) കോൺസ്റ്റബ്ലം ഒരൊസ്പാമി വന്ന് വിവരങ്ങൾ ചോദിച്ചറിഞ്ഞ ഉടനെ രാമൻനായർ ആത്മഹത്യചെയ്തതാണെന്ന് ഉറപ്പിച്ചു പറഞ്ഞതിനുപുറമെ പണ്ടൊരിക്കൽ ഒരു വിടാൻ ആത്മഹത്യയുംചെയ്തു പരന്തീസുകാരുടെ സ്ഥലമായ പോണ്ടിച്ചേരിക്ക് ഓടാൻ ഭാവിച്ചപ്പോൾ താനാണ് പിടിച്ച് "പ്രാസിക്കുട്ട്" ചെയ്തതെന്നും അവിടെ കൂടിയിരുന്നവരെ ധരിപ്പിച്ചു!

"അത് ക്കെന്ന സാർ ശന്ദേഹം? സീസൈഡ് താന. നാനിന്തമാതിരി എത്തിനികേസ് പാത്തിരുക്ക്! ശീഘ്രം ആസ്പിററലിലെ അനുപ്പ വേണ്ടിയത് താൻ."

അങ്ങിനെ "രോഗി"യെ ജനറൽ ആസ്പത്രിയിലേക്ക് അയക്കേണ്ടുന്ന ശ്രമമായി. ആമ്പുലൻസ് വണ്ടി വരുത്തി രാമൻനായരെ അഞ്ചെട്ടാളുകൂടി (അയാളുടെ ഇച്ഛത്തിന്നെതിരായി ബലം പ്രയോഗിച്ച്) അതിൽ പിടിച്ചിട്ട് ആസ്പത്രിയിലേക്ക് കൊണ്ടുപോയി. ഏകദേശം 200-ൽ പരം വിദ്വാന്മാർ ബസ്സിലും ട്രാമിലും സൈക്കിളിന്മേലും കാൽനടയായും പിന്നാലെ ചെന്നു.

ഇതിനിടയിൽ, രാമൻനായർ കഴിച്ചിട്ടുണ്ടോയിരിക്കണമെന്ന് ഊഹിക്കപ്പെടാവുന്ന വിഷദ്രവ്യങ്ങളം ഛർദ്ദിപ്പിക്കുവാൻവേണ്ടി പല വിദ്യകളും ഡോക്ടർമാർ എടുത്തുകഴിഞ്ഞിരുന്നു. അവരുടെ മുന്നിന്റെ അടുക്കെ നിന്നാൽതന്നെ ഛർദ്ദിവരും; അവ അകത്തെത്തിയാലുള്ള കഥയൊന്ന് പറയാനുണ്ടോ?

ഡോക്ടർമാരുടെ കല്പനയനുസരിച്ച് രാമൻനായർ വളരെയൊക്കെ ഛർദ്ദിച്ചുനോക്കി. ഭാഗ്യഹീനനായ അയാളുടെ വായിൽക്കൂടിയും മൂക്കിൽക്കൂടിയും പല കുഴലുകളും കടത്തി ഉണ്ടിപ്പിച്ചതിന്റെ ഫലമായി കുറെ പിത്തവെള്ളം പുറത്തുവന്നു. ഇതുകൊണ്ട് നല്ലവണ്ണം തൃപ്തിപ്പെട്ടില്ലെങ്കിലും കിടച്ചത് കല്യാണമെന്നുകരുതി ആ വെള്ളമെടുത്ത് കുപ്പിയിലാക്കി അവർ അത് "ആനലിസ്റ്റ്" എന്ന് വിളിക്കപ്പെടുന്ന ഛർദ്ദി മുതലായ മലിനവസ്തുക്കളം പരിശോധിക്കുന്ന ഉദ്യോഗസ്ഥന്നയച്ചുകൊടുത്തു.

കായ്യം ഈ ഘട്ടത്തിലെത്തിയപ്പോളം അതുവരെ യാതൊരു രോഗവും ഇല്ലാതിരുന്ന രാമൻനായക്ക് യഥാർത്ഥത്തിൽ സുഖക്കേടായി. "ആക്കാന്നംവേണ്ടിട്ടോക്കാനി"ച്ചാൽ ആക്കാണ് ഉണ്ടംപിടിക്കാത്തത്? 12 കുതിരശ്ശക്തിയുള്ള ഒരു തലവേദനയും കലശലായ ക്ഷീണവും അയാളെ ബാധിച്ചു. പക്ഷെ ദേഹം നല്ലവണ്ണം പരിശോധിച്ചപ്പോളം വിഷദ്രവ്യമായ യാതൊന്നും അയാളം കഴിച്ചിരിക്കാനിടയില്ലെന്നാണ് ഡോക്ടർമാക്ക് തോന്നിയത്. എങ്കിലും നമ്മുടെ രാഘവമേനോന്റെയും ഡൊരസ്വാമിയുടേയും അഭിപ്രായം തീരെ തള്ളാൻ പാടില്ലെന്നുവെച്ചിട്ടോ, എന്തോ ആനലിസ്റ്റിന്റെ ഒപ്പിനിയൻ അറിവാൻവേണ്ടി അവർ ഉൽകണ്ഠയോടെ കാത്തു.

അതുവന്നു. രാമൻനായരുടെ ദേഹത്തിൽ വിഷമരുന്നുമില്ല, ഒരു മണ്ണാങ്കട്ടയുമില്ലെന്നായിരുന്നു ആ വിദഗ്ധന്റെ വിധി.

ഡോക്ടർമാർ പൊട്ടിച്ചിരിച്ചു. രാഘവമേനോൻ ഡൊരസ്വാമിയെ നോക്കി. ഡൊരസ്വാമി മേനോനെ നോക്കി. 200 ജോടി കണ്ണുകളം ഇവർ രണ്ടാളെയും നോക്കി. ഇതിനിടയിൽ അവിടെ എത്തി വിവരങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കിയ സബ്ബ് ഇൻസ്പെക്ടർ ഡൊരസ്വാമിയെ ഒരു നോക്കുനോക്കി! ഒരു നോട്ടത്തിന്നു വല്ലവരെയും കൊല്ലാനുള്ള ശക്തിയുണ്ടായിരുന്നുവെങ്കിൽ ഡൊരസ്വാമി ആ നിമിഷം വീണു മരിക്കേണ്ടതായിരുന്നു. ആ വിദ്വാൻ തന്റെ ബ്ലീച്ചിടിച്ച മുഖം തിരിച്ച് സെൻട്രൽസ്റ്റേഷനിലെ ക്ലോക്ക് സൂക്ഷിച്ചുനോക്കി നില്പായി. ഈ ഗ്രൂപ്പുമാലിന്റെ ആദികർത്താവായ രാഘവമേനോനെ പലരും അന്വേഷിച്ചുവെങ്കിലും അഞ്ജനംവെച്ച് നോക്കിയിട്ടുകൂടി അദ്ദേഹത്തെ ആ പ്രദേശത്തെങ്ങും കണ്ടില്ല.

രാമൻനായരെ ഒരു റിക്ഷയിൽ കയറ്റി എല്ലാവരും ഘോഷയാത്രയായി ഹൊസ്റ്റലിലേക്ക് മടങ്ങി. അവിടെയുണ്ടൊരുവിദ്വാൻ കാത്തുനില്പുണ്ടു. ആസ്പത്രിയിലേക്ക് പോകുന്നതിന്നുമുമ്പ് ആളയച്ചു വരുത്തിയ ഡോക്ടരായിരുന്നു അത്. വിവരമൊക്കെ അറിഞ്ഞതിന്നുശേഷം തന്റെ വണ്ടിക്കുള്ളിലിരുന്നുകൊണ്ട് ആരാണ് കൊടുക്കുകയെന്ന് അയാളം ചോദിച്ചു. "രാഘവമേനോൻ!" എന്ന് ഐകകണ്ഠ്യമായപടി. തല്ക്കാലം അതു ഡോക്ടർതന്നെ കൊടുക്കേണ്ടിവന്നുവെന്നു പറഞ്ഞാൽ കഥ മുഴുവനായി.

സദാചാരപാഠങ്ങളം:—1. എപ്പോഴും പ്രസന്നമുഖത്തോടുകൂടിയിരിക്കണം. 2. അനാവശ്യമായി അന്യന്മാരുടെ കായ്യത്തിൽ കയ്യിടരുത്. 3. ആലോചിക്കാതെ അഭിപ്രായം പറയരുത്. 4. ഡോക്ടർമാർ വണ്ടിക്കുള്ളിലിരിയും, ഫീസും മുൻകൂർ വാങ്ങണം.

ഗോവി.

സങ്കല്പലോകത്തിൽ—
അഥവാ,
അങ്ങിനെയും വരുമോ?

"ടിങ്ങ്—ലിങ്ങ്—ലിങ്ങ്!"

ടെലിഫോണിൽ നിന്ന് പുറപ്പെട്ട ഈ ശബ്ദം ചായ്പുകസാലയിൽ കിടന്നു പത്രം വായിച്ചിരുന്ന ലീലാവതി അമ്മ എം. എ., ബി. എല്ലിനെ പ്രസ്തുതകൃത്യത്തിൽ നിന്ന് വിരമിപ്പിച്ചു. അവർ ഫോണിന്നടുത്ത് ചെന്ന് ഇപ്രകാരം സംസാരിച്ചു.

"ഹെലൊ!...ഓയെസ്...സേട്ട്ൺലി...വെരി ഗ്രസ്റ്റ്...ക്ലബ്ബിൽ...യെസ്സ്..."

സംഗതി അറിവാനുള്ള പുരുഷസഹജമായ അഭിനിവേശം മിസ്റ്റർ മാധവൻ ലീലാവതിഅമ്മ (ലീലാവതി അമ്മയുടെ ഭർത്താവ്) യെ കസാലയുടെ പിന്നിലേക്ക് ആനയിച്ചു.

ഭർത്താവ്—സകായ്മാണോ? ആരാ വിളിച്ചത്?

'ഹെയ്, ഒന്നുമല്ല. നമ്മുടെ ഡോക്ടർ സുന്ദരീബായിയാണ് വിളിച്ചത്."

"വിശേഷിച്ചോ?"

"എന്തൊ കായ്യത്തെപ്പറ്റി സംസാരിപ്പാൻ ക്ലബ്ബിൽ മീറ്റ് ചെയ്യണമെന്ന് പറഞ്ഞു. എനിക്ക് തോന്നുന്നത് സുകുമാരന്റെ വിവാഹകാര്യം ആലോചിക്കാനായിരിക്കുമെന്നാണ്. അവിടെ ചെന്നാലറിയാം."

"അവരല്ലെ ഈയ്യിടെ രണ്ടാമതും വിവാഹം കഴിച്ചത്?"

"ഹേയ്! അത് ഡിവോഴ്സായിപ്പോയില്ലേ? 'കേരളകാഹള'ത്തിൽ റിപ്പോർട്ട് കണ്ടില്ലേ? ആ വിദ്വാന്റെ സ്വഭാവം മോശമായിരുന്നുവത്രെ. അയാളെ ഡോക്ടർ സുന്ദരിയുടെ പേരിൽ ചെലവിന്ന് സൂട്ട് ഫയലാക്കീട്ടുണ്ട്. എന്തായാലും ഡോക്ടർ നമ്മുടെ സുകുമാരനെ വിവാഹം ചെയ്യുകയാണെങ്കിൽ അവന്റെ ഭാഗ്യമാണ്."

"എന്ത ഭാഗ്യം! അവക്ക് വയസ്സു കൂറെയില്ലേ? സുകുമാരൻ 22 വയസ്സുള്ള കുട്ടി."

"എന്ത വയസ്സ്! ഏറിവന്നാൽ നാല്പതു നാല്പത്തിരണ്ട് വയസ്സുണ്ടാകും. അതൊക്കെ ഒരു വയസ്സാണോ? പ്രൊഫസർ നീരജാക്ഷി 58-ാമത്തെ വയസ്സിലല്ലേ പെൻഷൻ പറ്റിയതിൽ പിന്നെ 26 വയസ്സുള്ള രാജനെ വിവാഹം ചെയ്തത്? അതൊന്നും സാരമില്ല."

"പക്ഷെ, സുകു ഇഷ്ടപ്പെടണ്ടേ?"

"അവന്റെ ഇഷ്ടം എന്ത നോക്കാനാണ്? നമ്മുടെ ഇഷ്ടംതന്നെ അവന്റെ ഇഷ്ടം. ഇത്ര നല്ല സംബന്ധം എവിടെ നിന്ന് കിട്ടും? മാസംതോറും രണ്ടായിരം ഉറുപ്പിക ശമ്പളമുള്ള ഭാര്യ. ഒരു പണിയും ചെയ്യാതെ കുട്ടികളെയും കളിപ്പിച്ച് ഇരുന്നാൽ മതി. എല്ലാറ്റിന്നും വേണ്ടതിലധികം ദാസ്യന്മാരും ദാസികളും. കുറച്ചു കാലത്തെയാണെങ്കിലും നല്ല ഒരു ഭാര്യ വരുമ്പോൾ എന്തിനാണ് വേണ്ടെന്നു വെക്കുന്നത്? അകത്തിരിക്കുന്നവക്കെന്തോ ഏതോ! പുറത്തിറങ്ങുന്ന ഞങ്ങളല്ലേ ബുദ്ധിമുട്ടറിയൂ!"

* * * *

കായ്യം ലീലാവതിഅമ്മ ഊഹിച്ചതുപോലെ സുകുമാരന്റെ വിവാഹത്തെപ്പറ്റി സംസാരിപ്പാൻതന്നെ ആയിരുന്നു. സുകുമാരൻ പല തടസ്ഥങ്ങളും പറഞ്ഞു കരഞ്ഞുവെങ്കിലും ഒരു ഫലവുമുണ്ടായില്ല. വിവാഹം അടുത്ത ദിവസത്തേക്ക് തീർച്ചപ്പെടുത്തുകതന്നെ ചെയ്തു.

* * * *

വിവാഹദിവസം അസ്തമിച്ചു. വരന്റെ അമ്മയായ കനകാക്ഷിഅമ്മയുടെ ബങ്കളാവിന്നു മുമ്പിൽ കെട്ടിയുണ്ടാക്കി കമനീയമായി അലങ്കരിച്ച പന്തൽ, ക്ഷണപ്രകാരം എത്തിച്ചേർന്ന വക്കീലിനികളും, ജഡ്ജിനികളും, ഗ്രമസ്ഥനികളും എന്നീ പല വകുപ്പുകാരിണികളാലും നിറഞ്ഞു. അവരെ യഥായോഗ്യം സൽക്കരിച്ചിരുത്തുന്നതിൽ കനകാക്ഷിഅമ്മ പന്തലിലും, ചുരുക്കം ചില പരിഷ്കാരിണികളും കൂട്ടികൊണ്ടുവന്ന തങ്ങളുടെ "മിസ്റ്റർ"മാരെ സ്വീകരിക്കുവാൻ മിസ്റ്റർ ബാലകൃഷ്ണൻ കനകാക്ഷി അകത്തും തയാറായിരുന്നു.

സന്ദർശകികളെ മുഷിപ്പിക്കാതിരിപ്പാൻവേണ്ടി, ഒരു ഭാഗത്ത് തൃശ്ശൂർ സുബ്ബലക്ഷ്മി ആൻറ് സിസ്റ്റർസിന്റെ ഓർക്കെസ്റ്റ്റ; മറെറാരു ഭാഗത്ത്

ഇട്ടിശ്ശേരി പാറുക്കുട്ടിയുടെ റഷ്യൻ ബാലറേ, ഒരിടത്ത് സ്വരുപാമ്മാളുടെ പിയാനോ കച്ചേരി, മറെറാരിടത്ത് കുമാരൻനായരുടെയും ശിഷ്യന്മാരുടെയും ഡാൻസിങ്ങ —ഇങ്ങിനെ പല തമാശകളും നടന്നുകൊണ്ടിരുന്നു.

ഉദ്യോഗസ്ഥാനുദ്യോഗസ്ഥകളായ ഏതാനും മുന്നൂറു വനിതകളോടുകൂടി വധൂകൃത്യസമയത്ത് എത്തിച്ചേർന്നു. അപ്പഴത്തെ തിക്കും തിരക്കും ബഹളവും ഒന്നും വിവരിക്കാൻ വയ്യാ. പതിനെട്ടും ഇരുപതും വയസ്സായ ചെറുപ്പക്കാർ ജാലകത്തിൽകൂടി പുറത്തേക്കയക്കുന്ന കടാക്ഷങ്ങളും അതിന്ന് പന്തലിലുള്ള ചെറുപ്പക്കാരികളുടെ "മറുപടിനോട്ടങ്ങളും" ഒക്കെ വിവരിച്ചാൽ നിങ്ങൾ വിശ്വസിക്കില്ല.....

മുഹൂർത്തം ആസന്നമായി. (മുഹൂർത്തം എന്നു പറഞ്ഞതുകൊണ്ട് ജ്യോതിഷക്കാരൻ നോക്കി തീച്ചപ്പെടുത്തിയ നല്ല സമയം എന്നൊന്നും അർത്ഥമില്ല. അതെല്ലാം പണ്ടേ പോയിരിക്കുന്നു: എല്ലാവരും വന്നുചേർന്ന്, എല്ലാം ഒരുങ്ങിയ സമയം എന്നാണ് ഇവിടെ അർത്ഥം.) വരനെ പന്തലിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ ചിലർ മുറിയിൽ ചെന്നു. പക്ഷെ അവൻ അവിടെ ഉണ്ടായിരുന്നില്ല! വിളിച്ചുനോക്കി; അടുത്ത മുറികളിലെല്ലാം തിരഞ്ഞു. ഫലമൊന്നുണ്ടായില്ല! പരക്കംപാച്ചലായി. പോയവരെല്ലാം ഭഗ്നാശരായി മടങ്ങിവന്നു. "കാണ്മാനില്ല! കാണ്മാനില്ല!" എന്ന ശബ്ദം അവിടങ്ങളിൽ മുഴങ്ങി. വിവരം അറിഞ്ഞു കനകാക്ഷി അമ്മ വെടികൊണ്ട പന്നിയെപ്പോലെ അകത്തേക്കു പാഞ്ഞു. എന്തിന്നധികം! വളരെ തിരഞ്ഞപ്പോൾ വരനായ സുകുമാരന്ന് ആരോ അയച്ച ഒരു കത്താണ് കിട്ടിയത്. അതിപ്രകാരമായിരുന്നു:—

"നിൻെറ എഴുത്തുകിട്ടി. നമുക്ക് എങ്ങിനെ എങ്കിലും രക്ഷപ്പെടാം. നീ കൃത്യം 8 മണിക്ക് തോട്ടത്തിൽ എന്നെ കാത്തുനിൽക്കുക. നമ്മൾക്ക് 'ഇലോപ്പ്' ചെയ്ത് വേറെ എവിടെയെങ്കിലും പോയി വിവാഹം നടത്താം.

എന്ന്, പ്രിയസുകുമാരന്ന്, കമലാഭായി (ഒപ്പ്)

മിസ്റ്റർ ബാലകൃഷ്ണൻ കനകാക്ഷിഅമ്മ —വരൻെറ അച്ഛൻ—മാറത്തടിച്ചു നിലവിളിതുടങ്ങി. കനകാക്ഷിഅമ്മയുടെ മുഖം കരിഞ്ഞു. അവർ പല്ലുകടിച്ചു എന്തെല്ലാമോ പുലമ്പിക്കൊണ്ട് ഒരു കസാലയിൽ വീണു. ബാക്കിഎല്ലാം നിങ്ങൾക്ക് ഊഹിക്കാം.

നകുലൻ.

ചാവൽസാഹിത്യം.

ജീവത്സാഹിത്യക്കാർ മുഷിയരുത്. സത്യമായും ഞാൻ അവരെ പരിഹസിക്കുകയില്ല. (ഞാൻ പരിഹസിച്ചാൽ അവക്കൊരു പുല്ലും ഉണ്ടായിട്ടു പറയുകയല്ല; സത്യം പറഞ്ഞു എന്നു മാത്രം.) അവരുടെ ആദർശങ്ങളിൽ പലതും എൻെറയും ആദർശങ്ങളാണ്. പക്ഷെ അവരിൽ ചിലർ പറയുന്ന പലതിനോടും എനിക്കു യോജിക്കുവാൻ നിവൃത്തിയില്ലെന്നേയുള്ളൂ. അതു സാരമാക്കാനില്ല.

പക്ഷെ ഞാൻ ചാവൽസാഹിത്യമെന്നൊരു പ്രസ്ഥാനം സൃഷ്ടിക്കുവാൻ പോകുന്നു. പ്രസ്ഥാനം തുടങ്ങൽ ആരുടെയും കുത്തകയല്ലല്ലോ. ആണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽത്തന്നെ ഞാൻ അതിനെ വകവെച്ചു കൊടുപ്പാൻ തയാറില്ല. ഇത് അഭിപ്രായസ്വാതന്ത്ര്യത്തിൻെറ കാലമല്ലേ? വൃത്തം, അലങ്കാരം, ആശയം, വ്യാകരണം മുതലായവയെ സംബന്ധിച്ചുള്ള നിയമങ്ങൾ പഠിക്കാതെയും, വകവെക്കാതെയും ആക്കും, എന്തും, എങ്ങിനെയും എഴുതാമെന്നും; അവർ പട്ടിണിയുടെ നിവാരണത്തെപ്പററിയും മുതലാളിത്തത്തിന്നെതിരായും എഴുതുകയും, തങ്ങൾ ജീവത്സാഹിത്യകാരന്മാരാണെന്ന് പറയുകയും ചെയ്യുന്ന കാലത്തോളം, മേപ്പടി കൃതികളെ അധിക്ഷേപിച്ചുകൊണ്ട് ഒരൊറ്റ വാക്കുപോലും ആക്ഷേപം പറയാനധികാരമില്ലെന്നുമുള്ള ഭയംകരാവസ്ഥയെ സാഹിത്യലോകത്തിലെ സ്വാതന്ത്ര്യം പ്രാപിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക്, എന്തുകൊണ്ട് ആ സ്വാതന്ത്ര്യത്തെ ഒരു തണലായി എനിക്കും അവലംബിച്ചുകൂടാ? 'ഒരു പുതിയ പ്രസ്ഥാനം തുടങ്ങി സാഹിത്യലോകത്തിൽ ഒച്ചപ്പാടുണ്ടാക്കിത്തീർത്ത ഒരു വിദ്വാൻ' എന്ന കീർത്തി ഞാനും നോടുന്നതിൽ നിങ്ങൾക്ക് എന്തിനാണ്, മൂപ്പരേ, കണ്ണുകടി?

ജീവത്സാഹിത്യം നിർമ്മിക്കുവാനും ജീവത്സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുവാനും ആദ്യമായി ഇറങ്ങിയെന്നുള്ള കേമ്പവി എനിക്കിനി കിട്ടുകയില്ല. അതു മറെറ ചിലർ കൊണ്ടുപോയി.

(ദ്രോഹികൾ!) അതുകൊണ്ടാണ് ഞാൻ വളരെ ദിവസം രാപ്പകലിരുന്ന് ആലോചിച്ച് തല പുണ്ണാക്കി ഈ ചാവത്സാഹിത്യം കണ്ടുപിടിച്ചത്. ഇതിനെ ഞാൻ 'പേറന്റ്' ചെയ്തിരിക്കുന്നു. നിങ്ങൾ എന്റെ ആദർശങ്ങളോട് യോജിക്കുന്നില്ലെങ്കിൽ വേണ്ട; നിങ്ങളുടെ പാട്ടിന് പോയ്ക്കോളിൻ; നിങ്ങളെ ആരും ക്ഷണിച്ചിട്ടില്ല. പക്ഷെ നിങ്ങൾ അസൂയകൊണ്ട് ചീത്ത പറയരുത്. നമ്മൾ അന്യോന്യം അറിയുന്നവരല്ലേ? നിങ്ങൾക്ക് ഇതുവരെ ആരും പറയാത്തതു പറഞ്ഞ്, കുറെയൊക്കെ ബഹളമുണ്ടാക്കി, പഠിപ്പിന്റെയും വാസനയുടെയും അപേക്ഷയില്ലാതെ, ഒരു പേരുണ്ടാക്കണം: അതല്ലേ നേര്? എനിക്കും അങ്ങിനെ തന്നെ! അടിയനും ഭൈമികാകാൻ തന്നെ! അതുകൊണ്ട്, തഞ്ചാവൂർ കള്ളനും തൃശ്ശിനാപ്പള്ളിക്കള്ളനും ഒട്ടക്കം തമ്മിൽ സന്ധിയായതുപോലെ, നമ്മൾക്ക് അവരവരുടെ വഴിക്കുപോയി മറവള്ളവരുടെ കണ്ണിൽ പൊടിയിടുവാൻ ശ്രമിക്കുക! ഞാൻ നിങ്ങളുടെ ജീവത്സാഹിത്യത്തിനെ ഒന്നും ചെയ്യുകയില്ല; ഈ കണ്ണു രണ്ടാണെ ഇല്ല. നിങ്ങൾ എന്റെ ചാവത്സാഹിത്യത്തിനെയും വിട്ടേക്കണം. എന്നെ കണ്ട വിവരം നിങ്ങളും പറയണ്ട; നിങ്ങളെ കണ്ട വിവരം ഞാനും മിണ്ടുന്നില്ല. ലൊക്കാർണോ സന്ധിയെക്കാൾ മികച്ച ഒരു സന്ധിയല്ലേ അത്? ഒത്തുവോ? കൈയടിക്കൂ! ശരി; എന്നാൽ പിന്നെക്കാണാം.

എന്താണ് 'ചാവൽസാഹിത്യ'മെന്നോ? അതു പറയാം. അല്ലെങ്കിൽ, അത് എന്താണല്ലാത്തതെന്നു പറയാം; അതാണ് കുറെക്കൂടി എളുപ്പം: ചാവത്സാഹിത്യം ഇതുവരെയുള്ള സാഹിത്യമൊന്നുമല്ല; അതുപോലെയുമല്ല; അതിൽനിന്നൊക്കെ വിട്ടുനിൽക്കുന്നതാണ്. അതു തീച്ച. (ഇല്ലെങ്കിൽ ഇങ്ങിനെയൊന്ന് ഇറക്കുമതി ചെയ്തതിന് എനിക്കെവിടെയാണ് മാക്ക്?)

അതങ്ങിനെയായില്ലേ? അതായാൽ പകുതിയായില്ലേ? എന്റെ ആദർശമോ? ചാവൽ മുടക്കുക! ഇന്നാട്ടിലെ പട്ടിണിയും ദാരിദ്ര്യവുമൊക്കെ പരിഹരിക്കുവാനുള്ള ശ്രമം വേണ്ടതുതന്നെ. എന്തുകൊണ്ട് ചാവുന്നതിനെ പരിഹരിക്കുവാൻ ആരും ശ്രമിക്കുന്നില്ല? 'മരണം' ഒഴിച്ചുകൂടാത്ത ഒരു അപകടമായിട്ടല്ലേ ഇന്ന് ഗണിച്ചുവരുന്നത്? എന്തിന്ന് അങ്ങിനെ ഗണിക്കണം? ശാസ്ത്രത്തിന്റെ സഹായത്താൽ ജീവിതകാലം നീട്ടാമെങ്കിൽ, അതേ ശാസ്ത്രം കുറെക്കൂടി മുമ്പോട്ട് പോയാൽ, മരണത്തെ നിർത്തുകയില്ലേ? ഈയൊരു ആദർശത്തെ മുൻനിർത്തി ചാകുന്നവരെപ്പറ്റി മറവുള്ളവരുടെ മനസ്സിൽ അനുകമ്പ ജനിപ്പിച്ചുകൊണ്ടും, ചാവലിനെ എതിർക്കുന്നവരുടെ വിപ്ലവമനഃസ്ഥിതിയെ അനുമോദിച്ചുകൊണ്ടും കവിതകളും, നോവലുകളും, ചെറുകഥകളും രചിക്കുവാൻ, പരിഹാസത്തെ കൂട്ടാക്കാതെ, ഒരുങ്ങിയിറങ്ങുന്ന കുറെ സാഹിത്യകാരന്മാരെ നമുക്ക് തീച്ചയായും ആവശ്യമുണ്ട്. അവരായിരിക്കും ഭാവിയിലെ ചാവത്സാഹിത്യകാരന്മാർ.

"അതു വൈദ്യശാസ്ത്രജ്ഞന്മാരുടെയും മറനേകം ശാസ്ത്രജ്ഞന്മാരുടെയും പ്രവൃത്തിയല്ലേ? പഠിപ്പും വാസനയുമില്ലാത്ത താനെന്തിന്ന് സാഹിത്യവുമേന്തി അതിൽ കടന്നു കൈയിടുന്നു?" എന്നോ? അങ്ങിനെയാണെങ്കിൽ പട്ടിണിക്ക് നിവാരണം കണ്ടുപിടിക്കുന്നത് സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെയും, രാഷ്ട്രമീമാംസകന്മാരുടെയും, ഭരണാധികാരികളുടെയും പണിയല്ലേ? വാസനയും പഠിപ്പുമില്ലാത്ത താനെന്തിന്ന് സാഹിത്യത്തെ ഉന്തിത്തള്ളി മുന്നിലാക്കി അതിൽ കടന്നുവീഴുന്നു? എന്നു ഞാനും ചോദിക്കും. അതാവശ്യമാണെങ്കിൽ ഇതും ആവശ്യമാണ്; അല്ലെങ്കിലല്ല. അതല്ല, കടലാസ്സിൽ പേരച്ചടിച്ചു കാണാനും, സാഹിത്യകാരനെന്നുള്ള പേരെടുക്കുവാൻ കഴിയാത്ത സ്ഥിതിക്ക്, പ്രസ്ഥാനാ. താവെന്നുള്ള പേരെടുക്കുവാനുള്ള നാടോടുന്ന ആഗ്രഹമാണ് അവിടെയും മുന്നിട്ടു നില്ക്കുന്നതെങ്കിൽ, ആ ആഗ്രഹം എനിക്കുമുണ്ട്. അതു നിങ്ങൾക്കതു പിടിക്കുന്നില്ലേ? വേണ്ട; നിങ്ങളുടെ പാടും നോക്കിയിരുന്നോളിൻ! കൂട്ടരേ, വരിൻ! ചാവത്സാഹിത്യം കീ—ജേ! ചാവൽ—സാഹിത്യം—കി—ജേ!! ചാ—വൽ—സാ—ഹി—ത്യം—കീ—ജേ!! (അവിടെക്കിട; മറവല്ല!)

ആമത്തക്കാപാട്ടന്റെ.

(സുപ്രസിദ്ധരീതി.)

ഏറിയമാന്യരുമഭിനേതന്നെ പെരുത്തുപറിപ്പൊട്ടപുതുവിധമട്ടകപടംചേന്ന വിരിഞ്ഞുവിളങ്ങിന മുല്ലകപോലെ തെളിഞ്ഞുനിരന്നൊരു പെൺകൊടിസംഘവുമൊത്തണിചേന്നതിഭംഗികലന്നിട്ടമിസ്സടന്നുടെ കരളുകുളിക്കുംമാറൊരുപാട്ടിനുവേണ്ടിയവാസനബുദ്ധിപഠിപ്പിവയാമതിനിന്നു കുറച്ചൊരു കമ്മിയതെങ്കിലുമാവതുപോലറിയുന്നതു ചെയ്യതിനാരുടെ ശീട്ടും വാങ്ങണമെന്നില്ലാ—

ആരുടെ മുഖവുമൊരിത്തിരിപോലും നോക്കണമെന്നില്ലാ—

പിഴ വന്നാലതു സാരവുമില്ലാ!

ആറെമ്പാലാട്ടെന്നൊരുമനിയനെ നമ്മളെനാട്ടിലെ നികൃതികൊട്ടത്തുമുടിഞ്ഞുതുലഞ്ഞു ഫലാക്കുപിടിച്ചു ചിരട്ടയെടുത്തുനടക്കാരായ കുരുത്തംകെട്ടൊരുജന്മികളാകിയ കൂട്ടക്കാരൊരുമിച്ചുകടന്നുപിടിച്ചൊരു തള്ളും തള്ളിയയച്ചീലേ?—

മേപ്പടിയാനൊരു മന്തിരി തന്റെ കസാലയിലിന്തിരജാലമൊരഞ്ഞൂറമ്പതു കാണിച്ചേറിയ തൊന്തിരവാക്കിയിരുന്നീലേ?—

പണി പററീലേ?

ആയതുപോട്ടതിനപ്പുറമുള്ളൊരു കാര്യമെന്തെന്നുള്ളതു നിങ്ങളിലാരുംതന്നെയിതേവരെയേതുമറിഞ്ഞീലേ? —

കടലാസ്സുകളിലതൊന്നുംതന്നെ പറഞ്ഞീലേ?

കൊള്ളരുതാതുള്ളിബിലീസിങ്ങളെ നമ്മളെജില്ലാബോർഡിലിനിക്കണികാണരുതൊരുവനുമെന്നു നിനച്ചേ—പുതിയൊരു ബോർഡിനു ചേന്നവരാകിയ മേസ്ത്രന്മാരെയകത്തുകടത്തിയിരുത്തീലേ?

നാട്ടിനുവേണ്ടതു ചെയ്യതിനവരുമൊരുങ്ങീലേ?

മേപ്പടി പാലാട്ടവർകളുമങ്ങിനെ മന്തിരിയെന്നൊരു പട്ടംകെട്ടിയിരിപ്പവരാകിയ മററുള്ളവരും കൂടിയിരുന്നു വിചാരിച്ചതിലൊരു കൊസ്രാക്കൊള്ളിവലിച്ചിട്ടവാനൊരു കള്ളത്തന്ത്രമെടുത്തീലേ?

നമ്മുടെ ബോർഡിനെ തോന്നിയപോലവർ രണ്ടായ് കണ്ടിച്ചോരോകണ്ടം ബോർഡിനെ നോക്കാനിക്കണ്ടോളകപം മതിയാകില്ലെന്നൊരുവഴികണ്ടുപിടിച്ചതിനപ്പുറമവരുടെ ചൊല്പടികേട്ട നടപ്പാനൊരു മടിയില്ലാതുള്ളൊരു മിസ്ത്രീന്മാരെയടുത്തുവിളിച്ചുടനന്തിത്തള്ളിയകത്തുകടത്തിക്കലുമാലാക്കാൻ വളയും കെട്ടിയിറങ്ങീലേ?

വായിലെ വററതു പള്ളയിലെത്താതങ്ങിനെ വഴിയിൽ തൊള്ളയിലെത്തി വിലങ്ങീലേ?

ചോറു ബെയിച്ചു നടക്കും ലോഹരിലൊരുവനുമില്ലിതിനിന്നു ജബാബുരചെയ്യതിനായിട്ടിങ്ങെന്നുള്ളൊരു കാലംവന്നേ!—

ഞാമ്പോകുന്നേ !!

ഓ ഒരു പോക്കിനും ഒരു ഗ്രഹ!

ബോർഡ് വിഭജിക്കുമത്രെ!

(നതോന്നത)

അടുത്തുപോൽ വിഭജന!—മധികാരപ്രമത്തത-
യ്ക്കുനീതിയിൽ ജനിച്ചുള്ള ദുഷ്ടസന്താനം!
ഉണരുവി! നെഴന്നേല്പിൻ! വിലപ്പെട്ടനിൽക്കുവതി-
ന്നുചിതമെക്കാളാണഞ്ങ്ങൾക്കു മാനമല്ലയോ?


അവക്കു തോന്നിയപോലെബ്ഭരണത്തെദൂഷിപ്പിക്കാ—
നവക്കു ചേർന്നുപോലെക്കായ്യം നേടുവാൻ—
അവരുടെ ധിക്കാരംതാൻ നടക്കുമിന്നാട്ടിലെന്നു-
ള്ളവമതി വീണ്ടും നമുക്കെത്തിച്ചീടുവാൻ—
ജനപ്രതിനിധികളുതന്നഭിപ്രായം വകവെക്കാ-
തനർഹരാം പദങ്ങളിൽ ഞെളിഞ്ഞിരിപ്പോർ:
അവരുടെ കുതന്ത്രമി,തവരുടെ തോന്ന്യവാസ-
മതിന്നു നാമൊരുനാളും വഴിപ്പെടൊല്ലേ!

ഉണരുവി! നെഴന്നേൽപ്പിൻ! പ്രയത്നിപ്പിൻ! പ്രധാനമി-
ന്നുചിതമെക്കാളാണഞ്ങ്ങൾക്കു മാനമല്ലയോ?

അവരുടെ ഹിതംപോലെക്കൈപൊക്കുവാനൊരുങ്ങുന്ന
ശവതുല്യജന്തുക്കളെബ്പോർഡിനുള്ളിലും
കടത്തുവാ—നിരുത്തുവാൻ—നിയോഗിപ്പാ—നവർമൂലം
നടത്തുവാൻ സ്വേച്ഛപോലെക്കായ്യമൊക്കെയും,
ഒരുങ്ങുന്നുപോലുമവ;—രിതിന്നൊരുത്തരം നൽകാൻ
പരന്നുള്ള മലനാട്ടിലാണില്ലാതായോ?

അടുത്തുപോയ് വിഭജന!—മധികാരപ്രമത്തത-
യ്ക്കുനീതിയിൽ ജനിച്ചുള്ള ദുഷ്ടസന്താനം!
ഉണരുവി! നെഴന്നേല്പിൻ! സോദരരേ, ഗണിയ്ക്കേണ്ട-
തുചിതമെക്കാളാണഞ്ങ്ങൾ നാം മാനമല്ലയോ?

പി. എസ്സ്.



ശിഥിലചിന്തകം.

കവിതയ്ക്ക് സാഹിത്യമഹാരഥന്മാർ നൽകിവരുന്ന നിർവചനങ്ങളെസ്സംബന്ധിച്ച് തനിക്ക് യാതൊരെത്തും പിടിയുമില്ലെന്ന് ഗ്രന്ഥകാരൻ മുഖവുരയിൽതന്നെ പ്രസ്താവിച്ചിരിക്കേ, ഈ "ശിഥിലചിന്തകളി"ൽ [ഗ്രന്ഥകർത്താവ്: താ. വി. പരമേശ്വരയ്യർ; രാമകൃഷ്ണ അച്ചുക്കൂടം, കോഴിക്കോട്; വില: 4ണ.] വലിയ കാമ്പൊന്നും കാണാത്തതിൽ അത്ഭുതപ്പെടാനില്ലല്ലൊ. ഇന്നത്തെ മെറ്റപ്പുക്കാരായ കവികളുടെ വിചാരവീഥികളിൽക്കൂടെതന്നെ, വിശേഷിച്ച് ഉദ്ദേശ്യമൊന്നും കൂടാതെ, പാറിപ്പറന്നുപോകുന്ന മി: അയ്യരുടെ ചിന്തകം പ്രകൃതിസൌന്ദര്യത്താൽ ആകൃഷ്ടരാളായി അവിടവിടെ അല്പാല്പം വിശ്രമിക്കുന്നുണ്ടെന്ന് സന്തോഷപൂർവ്വം പറയേണ്ടിയിരിക്കുന്നു. രചനാഭംഗിയും, ഭാവസ്ഫുടതയും തികഞ്ഞ ചില വരികളും ഈ കൃതിയിൽ ഇല്ലെന്നില്ല.

"കാപട്യത്തിൻ തിരക്കോളിൽ
മുങ്ങിടാജ്ജീവിതപ്പൂവം
തുഴയും മത്സ്യനുണ്ടെങ്കിൽ
അവനാണെൻറയീശ്വരൻ"

ഇത്യാദി പദ്യങ്ങളിലെ ഈശ്വരശബ്ദപ്രയോഗം, കവിയുടെ ഉദ്ദേശ്യത്തിന്ന് വിപരീതമായി, അനുവാചകന്മാരിൽ മന്ദഹാസത്തെ ജനിപ്പിക്കുകയാണെങ്കിൽ അവരെ അതിൽ കുറ്റപ്പെടുത്തിക്കൂടാ. ഗണ്യങ്ങളായ കോട്ടങ്ങളും വേറെയും എടുത്തുകാണിക്കാമെങ്കിലും, കവി പ്രായവും പരിചയവും കുറഞ്ഞ ഒരാളാകയാൽ അതെല്ലാം ക്ഷന്തവ്യങ്ങളായിത്തീരുന്നു. ഇതിൽ പലേടത്തും തെളിഞ്ഞുകാണുന്ന മി: അയ്യരുടെ പാണ്ഡിത്യത്തേയും, വാസനയേയും ആരും അഭിനന്ദിക്കാതിരിക്കയില്ല. കവനകലാമർമ്മങ്ങളെക്കുറിച്ച് കുറെക്കൂടി അറിയുവാനും ചിന്തിപ്പാനും തീവ്രപ്രേരണയുണ്ടാക്കുന്നപക്ഷം, മി: പരമേശ്വരയ്യർക്കും നമ്മുടെ യുവകവികളുടെ ഇടയിൽ ഒരു മാന്യസ്ഥാനം അചിരേണ ലഭിക്കുവാൻ ഇടയുണ്ട്.

ധർമ്മസങ്കടം.

"അഭിലാഷമുണ്ടെങ്കിലും, അസൌകര്യംകൊണ്ട് അടുത്ത കാലത്തൊന്നും കവിതയെഴുതുവാൻ സാധിക്കാറില്ലാ"ത്ത ശ്രീ: പെട്ടരഴിയം ചെറിയ രാമനെളയതിനെ തിരുവിതാംകൂർ ക്ഷേത്രപ്രവേശവിളംബരം "ഉള്ള കവിതയുംകൊണ്ട് പുറത്തുവരുവാൻ" നിർബന്ധിച്ചതിൻെറ ഫലമാണ് ഉപജാതിവൃത്തത്തിൽ അമ്പതൊന്ന് പദ്യങ്ങളുള്ള 'ധർമ്മസങ്കടം'. [എ. ആർ. പി. പ്രസ്സ്, കുന്നംകുളം; വില 2ണ.]

ക്ഷേത്രപ്രവേശവിളംബരത്തിൻെറ ആവിർഭാവത്തെ 'അധർമ്മമാമുന്നതവഹിശൈല'ത്തിൻെറ പൊട്ടിത്തകരലായി കല്പിച്ചുകൊണ്ടാണ് കവിയുടെ പുറപ്പാടതന്നെ. വിളംബരം നിമിത്തം വേണാട്ടിനും, ഹൈന്ദവധർമ്മത്തിനും, ആസ്തികലോകത്തിന്നാകമാനംതന്നെയും വന്നുചേർന്നിട്ടുള്ള ആപത്തുകളെ വർണ്ണിക്കുന്നതിൻമദ്ധ്യേ, ശ്രീ: എളയത് എന്തെന്നില്ലാത്ത ഒരാവേശത്തിനും, അരിശത്തിനും വശംവദനായി, വിളംബരാനുകൂലികളെ അധിക്ഷേപിക്കുക മാത്രമല്ല,

"കാണട്ടെ വേണാട്ടരചനു ധൈര്യ–
മുണ്ടെങ്കിലമ്മട്ട വിളംബരത്തെ
കൃസ്തീയവർഗ്ഗത്തിനെ ലക്ഷ്യമാക്കി
ചെയ്യട്ടെയെന്നാലതു സമ്മതിച്ചു"

എന്നും മറ്റും തിരുവിതാംകൂർ മഹാരാജാവിനെ വെല്ലുവിളിക്കുകകൂടി ചെയ്യുന്നുണ്ട്. അവിടെ കലാശിച്ചുവോ? ഇല്ല!

"ധർമ്മം നശിപ്പിച്ച കുത്തിരുന്ന
വിളംബരം വഞ്ചിമഹീതലത്തിൽ;
ആവട്ടെ; യെന്തിന്നതു ശ്രുതികീർത്തി
പുലർത്തിടും കൊച്ചിയിലെത്തിനോക്കി?"

എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം പിന്നെയും മുന്നോട്ട കയറുന്നു. പക്ഷെ, ഉടനെ, കൂടൽമാണിക്യക്ഷേത്രസംബന്ധമായ കൊച്ചിരാജാവിൻെറ നയത്തെ അനുസ്മരിപ്പാനിടയാകയാൽ,

അദ്ദേഹത്തെ സ്തുതിച്ചും, ലോകത്തിലുള്ളവരോടെല്ലാം ഒത്തുചേർന്നു ക്ഷേത്രപ്രവേശത്തെ എതിർക്കാൻ ഉൽബോധിപ്പിച്ചും, ശ്രീ: എളയത് ഒരു വിധം ശാന്തനാവുകയാണ്. ഒടുവിൽ,

"അനന്തനാടീപ്പരിശ്രമിച്ചാ-
ക്കാലം കലാശിച്ച കളത്തിടട്ടെ!"

എന്നൊരാശംസയും, ഒരു ശുദ്ധാത്മാവിന്റെ നിലയിൽ, അദ്ദേഹം ചെയ്യുന്നുണ്ട്.

ക്ഷേത്രപ്രവേശവിളംബരത്തെയോ, ഹൈന്ദവധർമ്മത്തെയോ, ശ്രീ: എളയതിന്റെ മുരത്ത യാഥാസ്ഥിതികത്വത്തെയോ കുറിച്ച് ഈ സന്ദർഭത്തിൽ ഞങ്ങൾ ഒന്നും പറയേണ്ടതായിട്ടില്ല. പാലിന്നായി കാത്തുകൊണ്ടിരിക്കുമ്പോൾ, മനോഹരമായ സ്റ്റഡികപ്പ്പാത്രത്തിൽ 'ശുദ്ധി'പ്രദമായ ചാണകവെള്ളം ആരെങ്കിലും കൊണ്ടുവന്നു തന്നാലുള്ള അനുഭവമാണ് ഈ കൃതി വായിച്ചതിൽ ഞങ്ങൾക്കുണ്ടായത് എന്നു മാത്രം, വ്യസനപൂർവം, രേഖപ്പെടുത്തുന്നു. പ്രകൃതത്തിലെ ചാണകവെള്ളം ഒഴിച്ചുകളഞ്ഞ്, പത്തുവട്ടം കഴുകി, പാത്രം മാത്രം കയ്യേറ്റുവാൻ കഴിവുള്ള സാഹിത്യരസതന്ത്രനിപുണന്മാർ വല്ലവരുമുണ്ടെങ്കിൽ, അവർ ഈ പുസ്തകം വാങ്ങി വായിക്കുന്നത് ഒരിക്കലും നിഷ്ഫലമാകയില്ല.

മേശവിരി.

"ഡിസ്ട്രിക്ട് ബോർഡ് വിദ്യാഭ്യാസ ആഫീസിക്ക് ഒരു പുതിയ മേശവിരി വാങ്ങിക്കൊടുക്കേണ്ടതാണെന്നുള്ള പ്രസിഡെണ്ടിന്റെ കുറിപ്പ് ആലോചനക്കു വന്നു.

വിദ്യാഭ്യാസ ആഫീസിക്ക് മേശവിരി എന്തിനാണെന്നും നല്ല പോളിഷ് മേശയുണ്ടായാൽ മതിയെന്നും, മേശവിരിക്കായി പണം ചെലവഴിക്കരുതെന്നും മി: ഹർലി പറഞ്ഞു.

ബോഡ് ഭൂരിപക്ഷപ്രകാരം ഒരു ഖദർ മേശവിരി വാങ്ങിക്കൊടുക്കുന്നതിന്ന് തീരുമാനമുണ്ടായി"

—ദിനപത്രത്തിൽ ഡി. ബോ: യോഗത്തിന്റെ റിപ്പോർട്ട്.

മേൽപടി മി: ഹർലി ബോർഡിലെ ഒരു തനിസ്സായ്പു മെമ്പരാണ്. ഒരു മേശവിരിയുടെ ചെലവുപോലും ലാഭിക്കുവാൻ ആലോചിക്കുന്ന സായ്പന്മാർ നാട്ടിലുള്ള കാലത്തോളം നമുക്കു നശിക്കുന്നു എന്താണ് വേണ്ടത്! പക്ഷെ മി: ഹർലി തന്റെ നാട്ടുകാർ മറ്റുള്ളവരെക്കാൾ തങ്ങൾക്കുണ്ടെന്ന് അഭിമാനിക്കുന്ന പരിഹാസപ്രാവീണ്യത്തിന്റെ ഒരു ചെറിയ സാമ്പിൾ അവതരിപ്പിച്ചതാണെന്ന് പരിഹാസകലയിൽ പരിചയം സിദ്ധിച്ചവരെ പറഞ്ഞറിയിക്കേണ്ടതില്ല.

എന്നാൽ മി: ഹർലി ഒരു അരപ്പരിഹാസി മാത്രമാണെന്ന് എനിക്കു തോന്നുന്നു. പോരാ, മി. ഹർലി! ഹലിതത്തിൽ കഷ്ടിച്ച് നൂറിൽ പത്തു മാർക്ക് നിങ്ങൾക്കു തന്നുകൂട്ടു. ഏതായാലും പരിഹസിക്കുവാൻ ഒരുങ്ങുകയാണെങ്കിൽ, അതിന്റെ മാതിരിപോലെ ചെയ്യണ്ടേ? ഈയൊരു സാമ്പിൾ നോക്കൂ: താങ്കൾ ഇങ്ങിനെ പ്രസംഗിക്കേണ്ടിയിരുന്നു:

"കോൺഗ്രസ്സുകാർ ഏതായാലും ചെലവു ചുരുക്കി ആളുകളുടെ സേവ പിടിക്കുവാനല്ലേ ശ്രമിക്കുന്നത്? ഈയൊരു വിദ്യ ഞങ്ങൾക്കും പ്രയോഗിക്കാമോ എന്നൊന്നു പരിശോധിയ്ക്കട്ടെ.

എന്തിനാണ് മേശവിരി?

വിരിയില്ലാത്ത മേശപ്പുറത്തുവെച്ച് എഴുതിയാൽ എഴുത്ത് നേരെയാവുകയില്ലേ? ഒരു പോളീഷ് ചെയ്ത മേശ പോരേ? അല്ലെങ്കിൽ, എന്തിനാണ് പോളിഷ് ചെയ്ത മേശ? പോളിഷിന്നു ചെലവില്ലേ? ആ പണം ലാഭിച്ചുകൂടെ? പോളിഷ് ചെയ്യാത്ത മേശയാണെങ്കിൽ വാക്കുകളുടെ അർത്ഥം മാറിപ്പോകുമോ? അതു പറയുമ്പോളാണോ മ്മവരുന്നത്, മേശതന്നെ എന്തിനാണ്? ഒരു പുല്ലുപായ വിരിച്ചു നിലത്തിരുന്ന് എഴുതിയാൽ എന്താണ് തരക്കേട്? പണ്ട് ഇന്ത്യയിൽ മേശയുണ്ടായിരുന്നുവോ? മിസ്റ്റർ എം. കെ. ശാന്ധി മേശ ഉപയോഗിക്കാറില്ലല്ലോ. കൃത്യമായി ആലോചിക്കുകയാണെങ്കിൽ, പുല്ലുപായതന്നെ ആവശ്യമില്ല. തുടച്ചു വൃത്തിയാക്കിയ നിലം മതിയാവുകയില്ലേ?....." അങ്ങിനെ പോകാം!

എവിടെയാണ് ഞങ്ങളുടെ ചെലവ് ചുരുക്കേണ്ടതെന്ന് ഞങ്ങളാലോചിച്ചോളാം, കേട്ടോ, ഹർലിസായ്പേ! ആ പഴയ കെട്ടിൽ പരിഹാസം എനിയും ബാക്കിയുണ്ടെങ്കിൽ, അത് സൂവെസ് തോടിന്നപ്പുറത്തുവെച്ചഴിച്ചാൽ മതി!

"സഞ്ജയൻ."

വരിസംഖ്യ. ഒരു കൊല്ലത്തേക്ക്. ആറു മാസത്തേക്ക്.

ഇന്ത്യയിൽ:— 3-ക. 1-ക 8-ണ.

ഇന്ത്യക്കുപുറമെ:- 4-ക. 8-ണ. 2-ക 4ണ.

വരിസംഖ്യ എപ്പോഴും മുൻക്രായി അടക്കേണ്ടതാണ്. 6 മാസത്തിൽ കുറഞ്ഞ കാലത്തേക്ക് വരിക്കാരെ രജിസ്റ്റർ ചെയ്യുന്നതല്ല. ഏജൻസി സംബന്ധമായ വിവരങ്ങൾക്ക് താഴെ ചേർക്കുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ,
"സഞ്ജയൻ"
പുതിയറ (P. O.)
Malabar.

NOTICE.

Copyright of the contents of this issue, both literary and pictorial, is reserved by the general editor who is also the proprietor of "Sanjayan". He will gladly consider, however, requests from contributors for permission to reprint.

Regd. No. M. 3497.

ദൂരം സാരമില്ല!

മനസ്സിലായി! അതുകൊണ്ട് മാത്രമാണെങ്കിൽ, മേലിൽ മനസ്സാപപ്പെടേണമെന്നില്ല. അടുത്തല്ലെന്നുള്ളത്കൊണ്ട്, നിങ്ങൾക്ക് സൌകര്യം അല്പമെങ്കിലും കുറഞ്ഞുപോകുന്നില്ല. പുതിയ യന്ത്രങ്ങളും, സ്ഥാപനങ്ങളും, സമയത്തേയും, ദൂരത്തേയും നിശ്ശേഷം ജയിച്ച്കഴിഞ്ഞിരിക്കുന്നു. ഇനിയും സൌകര്യം പോരെന്നു പറയുന്നത് വലിയ കഷ്ടമാണ്.

നവീനരീതിയിലുള്ള യന്ത്രങ്ങളും, പരിഷ്കൃതസാമഗ്രികളും, അത്ഭുതകരമായ ആദായനിരക്ക്, കൃത്യമായ പ്രവൃത്തി മുതലായവക്ക് പണ്ടേ പേരെടുത്തിട്ടുള്ള ഞങ്ങളുടെ നോമ്മൻ പ്രിൻടിങ്ങ് ബ്യൂറോവിലേക്ക്—, എന്നുവെച്ചാൽ, ദൂരത്തെ സംബന്ധിച്ചിടത്തോളം, അടുത്ത തപ്പാലാപ്പീസ്സിലേക്ക്, എന്നേ അർത്ഥമുള്ളൂ.

തപ്പാൽ വഴിയായി അയക്കുന്ന ഓർഡറുകളും, പ്രത്യേകനിഷ്കർഷയിലും മേൽനോട്ടത്തിലും ചെയ്യതീർത്ത് സമയത്തിന്ന് എത്തിച്ചുകൊടുപ്പാൻ ഞങ്ങൾ ചെയ്തിട്ടുള്ള പുതിയ ഏർപ്പാടുകളും നിങ്ങൾക്ക് തികച്ചും തൃപ്തികരമായിരിക്കും. ഒരിക്കൽ പരീക്ഷിച്ചു നോക്കുക.

അധികവിവരത്തിന്ന് അന്വേഷിക്കുക.

പ്രൊപ്രൈറർ,
നോമ്മൻ പ്രിൻടിങ്ങ് ബ്യൂറോ,
കോർട്ട്റോഡ്,
കോഴിക്കോട്.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut,
and published by P. V. Kunhi Raman Nayar.
General Editor :—M. Ramunni Nayar, M.A. (Hons.)